## ഉത്തരവാദപ്പെട്ടവർക്കും മൂപ്പന്മാർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

ഒക്ടോബർ 2024

പൊതുവിഷയം:

ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്നു

ദൂത് ആറ്

## ജീവനിൽ ഉണർന്നിരിക്കുകയും, സേവനത്തിൽ വിശ്വസ്തരായിരിക്കുകയും ചെയ്യുന്നു

JL *Hymns*: ML582, ML487

തിരുവെഴുത്ത് വായന: മത്താ. 25:4, 9-10, 14-15, 20-23

മത്താ. 25:4 എന്നാൽ വിവേകമുള്ളവർ, തങ്ങളുടെ വിളക്കുകളോടൊപ്പം, പാത്രങ്ങളിൽ എണ്ണ എടുത്തു.

മത്താ. 25:9 എന്നാൽ വിവേകമുള്ളവർ, ഒരുപക്ഷേ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും; അതിനെക്കാൾ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ എന്ന് ഉത്തരം പറഞ്ഞു.

മത്താ. 25:10 അവർ വാങ്ങുവാനായി പോകവേ, മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടൊപ്പം വിവാഹവിരുന്നിലേക്ക് പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെട്ടു.

മത്താ. 25:14 എന്തെന്നാൽ സ്വർഗരാജ്യം, വിദേശത്തു പോകാനിരിക്കുന്ന ഒരു മനുഷ്യനെ പോലെയാകുന്നു, അവൻ, തന്റെ സ്വന്തം അടിമകളെ വിളിച്ചു തന്റെ വസ്തുവകകൾ അവരെ ഏൽപ്പിച്ചു.

മത്താ. 25:15 ഒരുവന് അഞ്ചും മറ്റൊരുവനു രണ്ടും, വേറൊരുവനു ഒന്നും, ഓരോരുത്തനും അവന്റെ സ്വന്തം കഴിവ് അനുസരിച്ചു താലന്തുകൾ കൊടുത്തു. പിന്നെ അവൻ വിദേശത്തു പോയി.

മത്താ. 25:20 അപ്പോൾ അഞ്ചു താലന്തുകൾ ലഭിച്ചവൻ വേറെ അഞ്ചു താലന്തുകൾ കൊണ്ടുവന്നു പറഞ്ഞത്, യജമാനനേ, നീ അഞ്ചു താലന്തുകൾ എന്നെ ഏൽപ്പിച്ചു; ഇതാ, വേറെ അഞ്ചു താലന്തുകൾ ഞാൻ നേടിയിരിക്കുന്നു.

മത്താ. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 25:22 രണ്ടു താലന്തുകൾ ലഭിച്ചവനും വന്നു, യജമാനനേ, നീ രണ്ടു താലന്തുകൾ എന്നെ ഏൽപ്പിച്ചു; ഇതാ, വേറെ രണ്ടു താലന്തുകൾ ഞാൻ നേടിയിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

I. **കർത്താവിന്റെ സാക്ഷ്യത്തിനായി കന്യകയുടെ ജീവിതം നയിക്കാൻ നാം പ്രാപ്തരാകേണ്ടതിന്, ജീവനുവേണ്ടി, നമുക്ക് എണ്ണ, ദൈവത്തിന്റെ ആത്മാവ്, അവന്റെ നിറവ് തന്നെ ആവശ്യമാണ്—മത്താ. 25:4, 9-10:**

മത്താ. 25:4 എന്നാൽ വിവേകമുള്ളവർ, തങ്ങളുടെ വിളക്കുകളോടൊപ്പം,

പാത്രങ്ങളിൽ എണ്ണ എടുത്തു.

മത്താ. 25:9 എന്നാൽ വിവേകമുള്ളവർ, ഒരുപക്ഷേ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും; അതിനെക്കാൾ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ എന്ന് ഉത്തരം പറഞ്ഞു.

മത്താ. 25:10 അവർ വാങ്ങുവാനായി പോകവേ, മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടൊപ്പം വിവാഹവിരുന്നിലേക്ക് പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെട്ടു.

A. "ആ സമയത്ത് സ്വർഗരാജ്യം മണവാളനെ എതിരേൽക്കുവാനായി തങ്ങളുടെ വിളക്കുകൾ എടുത്തുകൊണ്ട് പുറപ്പെട്ട പത്തു കന്യകമാരോട് സദൃശമാകും"—വാ. 1:

1. വിശ്വാസികളെ ജീവന്റെ വശത്തുനിന്ന് വീക്ഷിക്കുന്നതിനെ കന്യകമാർ സൂചിപ്പിക്കുന്നു—2 കൊരി. 11:2.

   2 കൊരി. 11:2 എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമലകന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു.

2. രാജ്യജനമായ വിശ്വാസികൾ നിർമല കന്യകമാരെപ്പോലെയാണ്, അവർ ഇരുണ്ട യുഗത്തിൽ കർത്താവിന്റെ സാക്ഷ്യം (വിളക്ക്) വഹിക്കുകയും കർത്താവിനെ എതിരേൽക്കുവാൻ ലോകത്തിൽനിന്ന് പുറത്തേക്ക് പോകുകയും ചെയ്യുന്നു; ഇതിനായി അവർക്ക് പരിശുദ്ധാത്മാവിന്റെ ഉൾവാസം മാത്രമല്ല നിറവും ആവശ്യമാണ്.

3. വിളക്കുകൾ വിശ്വാസികളുടെ ആത്മാവിനെ സൂചിപ്പിക്കുന്നു (സദൃ. 20:27), അതിൽ ദൈവത്തിന്റെ ആത്മാവ് എണ്ണയായി അടങ്ങിയിരിക്കുന്നു (റോമ. 8:16):

   സദൃ. 20:27 മനുഷ്യന്റെ ആത്മാവു യഹോവയുടെ ദീപം; അതു ഉദരത്തിന്റെ അറകളെ ഒക്കെയും ശോധനചെയ്യുന്നു.

   റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

   a. വിശ്വാസികൾ അവരുടെ ആത്മാവിന്റെ ഉള്ളിൽനിന്ന് ദൈവാത്മാവിന്റെ വെളിച്ചത്തെ പ്രകാശിക്കുന്നു; ദിവ്യ വെളിച്ചം മനുഷ്യന്റെ ആന്തരിക ഭാഗങ്ങളിലേക്ക് പ്രകാശിക്കുന്നതിന്, എണ്ണയായ ദൈവാത്മാവ് തിരിയായ മനുഷ്യാത്മാവിനെ (പ്ര.നി. വാ. 16) കുതിർക്കുകയും (ഇഴുകിച്ചേരുകയും) മനുഷ്യാത്മാവിനോടൊപ്പം "കത്തുകയും" വേണം (12:11).

      റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

      റോമ. 12:11 തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ.

   b. അങ്ങനെ, വിശ്വാസികൾ ദൈവത്തിന്റെ മഹത്വത്തിനായി കർത്താവിന്റെ സാക്ഷ്യം വഹിച്ചുകൊണ്ട് ലോകത്തിന്റെ വെളിച്ചമായിത്തീരുകയും ഈ യുഗത്തിന്റെ ഇരുട്ടിൽ ഒരു വിളക്കുപോലെ പ്രകാശിക്കുകയും ചെയ്യുന്നു (മത്താ. 5:14-16; ഫിലി. 2:15-16).

      മത്താ. 5:14 നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ സ്ഥിതിചെയ്യുന്ന പട്ടണം മറഞ്ഞിരിക്കുന്നത്

അസാധ്യമാകുന്നു.

മത്താ. 5:15 വിളക്കു കത്തിച്ചു അതിനെ പറയിൻകീഴിലല്ല വിളക്കുതണ്ടിന്മേലത്രേ വയ്ക്കുന്നത്; വീട്ടിലുള്ള എല്ലാവർക്കും അതു പ്രകാശിക്കുന്നു.

മത്താ. 5:16 അങ്ങനെതന്നെ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ അവർ മഹത്വപ്പെടുത്തുവാൻ തക്കവണ്ണം, നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പാകെ പ്രകാശിക്കട്ടെ.

ഫിലി. 2:15 ജീവന്റെ വചനത്തെ അവരുടെ മുമ്പാകെ വച്ചുകൊണ്ട് നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു,

ഫിലി. 2:16 അങ്ങനെ ഞാൻ വ്യർഥമായി ഓടിയതുമില്ല വ്യർഥമായി അധ്വാനിച്ചതുമില്ല എന്ന് ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകുമല്ലോ.

4. വിവേകമുള്ള കന്യകമാർ തങ്ങളുടെ വിളക്കുകളോടൊപ്പം പാത്രങ്ങളിൽ എണ്ണയും എടുത്തു—മത്താ. 25:4:

മത്താ. 25:4 എന്നാൽ വിവേകമുള്ളവർ, തങ്ങളുടെ വിളക്കുകളോടൊപ്പം, പാത്രങ്ങളിൽ എണ്ണ എടുത്തു.

a. മനുഷ്യൻ ദൈവത്തിനായി നിർമിക്കപ്പെട്ട പാത്രമാണ് (റോമ. 9:21, 23-24), മനുഷ്യന്റെ വ്യക്തിത്വം അവന്റെ ദേഹിയിലാണ്; അതിനാൽ, മത്തായി 25:4-ലെ *പാത്രങ്ങൾ* വിശ്വാസികളുടെ ദേഹികളെ സൂചിപ്പിക്കുന്നു.

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

റോമ. 9:24 യെഹൂദന്മാരുടെ ഇടയിൽനിന്ന് മാത്രമല്ല ജാതികളുടെ ഇടയിൽനിന്ന് നമ്മെയും അവൻ വിളിച്ചെങ്കിൽ എന്ത്?

മത്താ. 25:4 എന്നാൽ വിവേകമുള്ളവർ, തങ്ങളുടെ വിളക്കുകളോടൊപ്പം, പാത്രങ്ങളിൽ എണ്ണ എടുത്തു.

b. വിവേകമുള്ള അഞ്ചു കന്യകമാർക്ക് തങ്ങളുടെ വിളക്കുകളിൽ മാത്രമല്ല എണ്ണയുള്ളത്, അവർ തങ്ങളുടെ പാത്രങ്ങളിലും എണ്ണ എടുക്കുന്നു; അവരുടെ വിളക്കുകളിൽ എണ്ണ ഉണ്ടെന്നത് അർഥമാക്കുന്നത് അവരുടെ ആത്മാവിൽ ദൈവത്തിന്റെ ആത്മാവ് വസിക്കുന്നു എന്നാണ് (റോമ. 8:9, 16); അവർ തങ്ങളുടെ പാത്രങ്ങളിൽ എണ്ണ എടുക്കുന്നു എന്നത് അവരുടെ ദേഹിയെ നിറയ്ക്കുകയും സാന്ദ്രീകരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ ആത്മാവ് അവർക്കുണ്ടെന്ന് സൂചിപ്പിക്കുന്നു (പ്ര.നി. 1 പത്രൊ. 2:25; എബ്രാ. 13:17).

റോമ. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.

റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

1 പത്രൊ. 2:25 നിങ്ങൾ വഴിതെറ്റിപ്പോകുന്ന ആടുകളെപ്പോലെയായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങളുടെ ദേഹികളുടെ ഇടയനും മേൽവിചാരകനുമായവന്റെ അടുക്കൽ മടങ്ങിവന്നിരിക്കുന്നു.

എബ്രാ. 13:17 നിങ്ങളെ നയിക്കുന്നവരെ അനുസരിക്കുകയും അവർക്കു കീഴ്പ്പെടുകയും ചെയ്യുവിൻ, അവർ കണക്കു ബോധിപ്പിക്കേണ്ടവരെന്ന നിലയിൽ നിങ്ങളുടെ ദേഹികളിന്മേൽ ജാഗരിക്കുന്നു, അത് അവർ ഞരക്കത്തോടെയല്ല സന്തോഷത്തോടെ ചെയ്യേണ്ടതിന് ഇടയാക്കുവിൻ; അല്ലാഞ്ഞാൽ അത് നിങ്ങൾക്കു പ്രയോജനകരമാകില്ല.

c. *വാങ്ങിക്കൊള്ളുവിൻ* എന്ന വാക്ക് ഒരു വില നൽകണമെന്ന് സൂചിപ്പിക്കുന്നു; പരിശുദ്ധാത്മാവിന്റെ നിറവ് പ്രാപിക്കുന്നത് ലോകത്തെ ഉപേക്ഷിക്കുക, സ്വയത്തോട് ഇടപെടുക, എല്ലാറ്റിനുമുപരിയായി കർത്താവിനെ സ്നേഹിക്കുക, ക്രിസ്തു നിമിത്തം എല്ലാം നഷ്ടമെന്ന് എണ്ണുക എന്നിങ്ങനെയുള്ള വില നൽകുന്നതിലൂടെയാണ്; ഇന്ന് നാം ഈ വില നൽകിയില്ലെങ്കിൽ, നാം ഉയിർത്തെഴുന്നേറ്റശേഷം അത് നൽകേണ്ടിവരും—പ്ര.നി. വെളി. 3:18; 2 കൊരി. 5:10.

മത്താ. 25:9 എന്നാൽ വിവേകമുള്ളവർ, ഒരുപക്ഷേ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും; അതിനെക്കാൾ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ എന്ന് ഉത്തരം പറഞ്ഞു.

വെളി. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

2 കൊരി. 5:10 എന്തെന്നാൽ ഓരോരുത്തനും ശരീരത്തിലൂടെ ചെയ്ത കാര്യങ്ങൾ, നന്മയായാലും തിന്മയായാലും, താൻ പ്രവർത്തിച്ചതിനൊത്തവണ്ണം പ്രാപിക്കേണ്ടതിന്, നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിവാകേണ്ടതാകുന്നു.

d. നമ്മുടെ മുഴുവൻ ആളത്തത്തെയും സാന്ദ്രീകരിക്കേണ്ടതിന് ആത്മാവിന്റെ അധിക പങ്കിനെ വാങ്ങുന്ന ജീവിതം നയിക്കുവാൻ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തിന്റെ പരിണതി എന്ന നിലയിൽ ആത്മാവിനെ കൂടുതലായി നേടുക എന്നതാണ് നമ്മുടെ അടിയന്തിര ആവശ്യം—മത്താ. 25:9; പ്ര.നി. ദാനീ. 5:27.

മത്താ. 25:9 എന്നാൽ വിവേകമുള്ളവർ, ഒരുപക്ഷേ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും; അതിനെക്കാൾ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ എന്ന്

ഉത്തരം പറഞ്ഞു.

ദാനീ. 5:27 തെക്കേൽ എന്നുവെച്ചാൽ: തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു.

B. യേശുവിന്റെ സാക്ഷ്യത്തിനായി സഭകൾക്ക് ആത്മാവിനെ സഹായമായി നൽകാനും കുഞ്ഞാടിന്റെ വിവാഹവിരുന്നിൽ പങ്കെടുക്കുവാൻ കർത്താവിനാൽ പ്രതിഫലം പ്രാപിക്കാനും ആത്മാവിനെ പൊൻതൈലമായി വാങ്ങുന്നതിന് വില നൽകിക്കൊണ്ട് എല്ലാ ദിവസവും നാം ഉണർന്നിരിക്കുന്നവരാകണം—മത്താ. 25:9-10; വെളി. 3:18; സെഖ. 4:6, 12-14; ന്യായാ. 9:9:

മത്താ. 25:9 എന്നാൽ വിവേകമുള്ളവർ, ഒരുപക്ഷേ ഞങ്ങൾക്കും നിങ്ങൾക്കും തികയാതെ വരും; അതിനെക്കാൾ, നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി നിങ്ങൾക്കായിത്തന്നെ വാങ്ങിക്കൊള്ളുവിൻ എന്ന് ഉത്തരം പറഞ്ഞു.

മത്താ. 25:10 അവർ വാങ്ങുവാനായി പോകവേ, മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടൊപ്പം വിവാഹവിരുന്നിലേക്ക് പ്രവേശിച്ചു. വാതിൽ അടയ്ക്കപ്പെട്ടു.

വെളി. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

സെഖ. 4:6 അവൻ എന്നോടു ഉത്തരം പറഞ്ഞതെന്തെന്നാൽ: സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.

സെഖ. 4:12 ഞാൻ രണ്ടാം പ്രാവശ്യം അവനോടു: പൊന്നുകൊണ്ടുള്ള രണ്ടു നാളത്തിന്നരികെ പൊൻനിറമായ എണ്ണ ഒഴുക്കുന്ന രണ്ടു ഒലിവുകൊമ്പു എന്തു എന്നു ചോദിച്ചു.

സെഖ. 4:13 അവൻ എന്നോടു: ഇതു എന്താകുന്നു എന്നു നീ അറിയുന്നില്ലയോ എന്നു ചോദിച്ചതിന്നു: ഇല്ല, യജമാനനേ, എന്നു ഞാൻ പറഞ്ഞു.

സെഖ. 4:14 അതിന്നു അവൻ: ഇവർ സർവ്വഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന രണ്ടു അഭിഷിക്തന്മാർ എന്നു പറഞ്ഞു.

ന്യായാ. 9:9 അതിന്നു ഒലിവു വൃക്ഷം: ദൈവവും മനുഷ്യരും എന്നെ പുകഴ്ത്തുവാൻ ഹേതുവായിരിക്കുന്ന എന്റെ പുഷ്ടി ഞാൻ ഉപേക്ഷിച്ചു വൃക്ഷങ്ങളുടെമേൽ ആടുവാൻ പോകുമോ എന്നു പറഞ്ഞു.

1. അവന്റെ പരമമായ ബഹുമൂല്യതയെ കാണാൻ തക്കവണ്ണം നമ്മുടെ കണ്ണുകൾ തുറക്കപ്പെട്ടിട്ട് എല്ലാറ്റിനുമുപരിയായി നാം കർത്താവിനെ സ്നേഹിക്കേണ്ടതുണ്ട്—മത്താ. 22:37; ഫിലി. 3:8; 1 പത്രൊ. 2:4, 6-7; 1:19.

മത്താ. 22:37 അവൻ അവനോടു പറഞ്ഞു, “നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണഹൃദയത്തോടും നിന്റെ പൂർണദേഹിയോടും നിന്റെ പൂർണമനസ്സോടും കൂടെ നീ സ്നേഹിക്കേണം”.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

1 പത്രൊ. 2:4 മനുഷ്യരാൽ തിരസ്കരിക്കപ്പെട്ടതും എന്നാൽ ദൈവമുമ്പാകെ തിരഞ്ഞെടുക്കപ്പെട്ടതും വിലയേറിയതുമായ, ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്ന്,

1 പത്രൊ. 2:6 എന്തെന്നാൽ തിരുവെഴുത്തിൽ ഇപ്രകാരം അടങ്ങിയിരിക്കുന്നു: "ഇതാ, തിരഞ്ഞെടുത്തതും വിലയേറിയതുമായ, ഒരു മൂലക്കല്ല് ഞാൻ സീയോനിൽ ഇടുന്നു; അവന്മേൽ വിശ്വസിക്കുന്നവൻ ഒരുവിധത്തിലും ലജ്ജിക്കപ്പെടുകയില്ല."

1 പത്രൊ. 2:7 അതുകൊണ്ട് വിശ്വസിക്കുന്ന നിങ്ങൾക്കാകുന്നു ആ വിലയേറിയത്; എന്നാൽ വിശ്വസിക്കാത്തവർക്ക്," പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇത് മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു,"

1 പത്രൊ. 1:19 നിഷ്കളങ്കവും കറയറ്റതുമായ കുഞ്ഞാടിന്റെ എന്നപോലെ, ക്രിസ്തുവിന്റെ വിലയേറിയ രക്തം കൊണ്ടത്രേ നിങ്ങളെ വീണ്ടെടുത്തത് എന്ന് അറിഞ്ഞു കൊള്ളുവിൻ;

2. നാം അവനെ നേടുന്നതിനും അവനിൽ കാണപ്പെടേണ്ടതിനും അവനെ അറിയുന്നതിനും ക്രിസ്തു നിമിത്തം എല്ലാം നഷ്ടമെന്ന് എണ്ണണം—ഫിലി. 3:7-10.

ഫിലി. 3:7 എങ്കിലും എനിക്ക് ലാഭമായിരുന്ന കാര്യങ്ങളെ ക്രിസ്തു നിമിത്തം ഞാൻ നഷ്ടമെന്ന് എണ്ണിയിരിക്കുന്നു.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

3. ഓരോ ദിവസവും ഒരു പുതിയ തുടക്കം ഉണ്ടാകേണ്ടതിന് നാം എല്ലാ ദിവസവും അതിരാവിലെ വചനത്തിൽ കർത്താവിനെ ആസ്വദിക്കണം—സങ്കീ. 119:147-148.

സങ്കീ. 119:147 ഞാൻ ഉദയത്തിന്നു മുമ്പെ എഴുന്നേറ്റു പ്രാർത്ഥിക്കുന്നു; നിന്റെ വചനത്തിൽ ഞാൻ പ്രത്യാശവെക്കുന്നു.

സങ്കീ. 119:148 തിരുവചനം ധ്യാനിക്കേണ്ടതിന്നു എന്റെ കണ്ണു യാമങ്ങളെ നോക്കിക്കൊണ്ടിരിക്കുന്നു.

4. നാം നമ്മുടെ പാപങ്ങളോട് സമ്പൂർണമായി ഇടപെടണം—1 യോഹ. 1:7, 9.

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ

ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

5. നാം കർത്താവുമായുള്ള കൂട്ടായ്മയിൽ നാൾതോറും, നാഴിയതോറും വസിക്കണം—വാ. 6; 2 കൊരി. 13:14.

1 യോഹ. 1:6 നമുക്ക് അവനോടു കൂട്ടായ്മ ഉണ്ടെന്ന് പറയുകയും, എന്നാൽ ഇരുട്ടിൽ നടക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കള്ളം പറയുന്നു, സത്യം അഭ്യസിക്കുന്നതുമില്ല.

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

6. നാം നമ്മുടെ സമയം വീണ്ടെടുത്ത് ദൈവത്തിന്റെ വിശുദ്ധ വചനത്താൽ സാന്ദ്രീകരിക്കപ്പെടേണ്ടതിനും കുതുർക്കപ്പെടേണ്ടതിനും നമ്മുടെ ഊർജം ചെലവഴിക്കണം—2 തിമൊ. 3:16-17; കൊലൊ. 3:16.

2 തിമൊ. 3:16 എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും, ദൈവത്തിന്റെ മനുഷ്യൻ, സകല സൽപ്രവൃത്തിക്കും പൂർണമായി സജ്ജമാക്കപ്പെട്ടവനായി തികഞ്ഞവനാകേണ്ടതിന്,

2 തിമൊ. 3:17 ഉപദേശത്തിനും, കുറ്റം ബോധ്യപ്പെടുത്തുന്നതിനും, തിരുത്തലിനും, നീതിയിലുള്ള നിർദേശത്തിനും പ്രയോജനമുള്ളതാകുന്നു.

കൊലൊ. 3:16 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം ഉപദേശിച്ചും പ്രബോധിപ്പിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു കൃപയോടെ പാടിയും, ക്രിസ്തുവിന്റെ വചനം സകല ജ്ഞാനത്തിലും സമ്പന്നമായി നിങ്ങളിൽ വസിക്കട്ടെ.

7. നാം പ്രാർഥിക്കുവാനായി നമ്മുടെ സമയത്തെ വീണ്ടെടുത്തുകൊണ്ട് നമ്മുടെ പ്രാർഥനാ ജീവിതത്തിനായി ഉണർന്നിരുന്ന്, ജാഗരൂകരായിരിക്കണം—എഫെ. 6:18; ദാനീ. 6:10; കൊലൊ. 4:2.

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

ദാനീ. 6:10 എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനീയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു, - അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരൂശലേമിന്നു നേരെ തുറന്നിരുന്നു - താൻ മുമ്പെ ചെയ്തുവന്നതുപോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടുകുത്തി തന്റെ ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു.

കൊലൊ. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

8. സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം സംസാരിച്ചും, എല്ലാറ്റിനും വേണ്ടി എപ്പോഴും കർത്താവിനു സ്തോത്രം ചെയ്തും, ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടുംകൊണ്ട് ആത്മാവിൽ നിറയുവാൻ ഈ ദുഷ്ട നാളുകളിൽ നാം സമയത്തെ വീണ്ടെടുക്കണം—എഫെ. 5:14-21.

എഫെ. 5:14 അതുകൊണ്ട് അവൻ പറയുന്നു, ഉറങ്ങുന്നവനേ, ഉണരുവിൻ,

മരിച്ചവരിൽനിന്ന് എഴുന്നേൽക്കുവിൻ, ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും.

എഫെ. 5:15 ആകയാൽ നിങ്ങൾ നടക്കുന്നത് എങ്ങനെ എന്ന് സൂക്ഷിച്ചുകൊള്ളുവിൻ,

എഫെ. 5:16 ഇത് ദുഷ്ട നാളുകൾ ആകയാൽ, സമയത്തെ വീണ്ടെടുത്ത് അജ്ഞാനികളായല്ല ജ്ഞാനികളായത്രേ നടക്കുവിൻ.

എഫെ. 5:17 അതുകൊണ്ട് മൂഢരാകാതെ, കർത്താവിന്റെ ഹിതം എന്തെന്ന് മനസ്സിലാക്കുവിൻ.

എഫെ. 5:18 വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ,

എഫെ. 5:19 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും,

എഫെ. 5:20 എല്ലാറ്റിനും വേണ്ടി എപ്പോഴും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ നമ്മുടെ ദൈവവും പിതാവുമായവന് സ്തോത്രം ചെയ്തും,

എഫെ. 5:21 ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെടുവിൻ:

9. ദുഷിച്ചതും അഴുകിയതുമായ (ഹാനികരമോ, അനിഷ്ടകരമോ, മൂല്യഹീനമോ ആയ) വാക്കുകൾ സംസാരിച്ചുകൊണ്ട് നാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; പകരം, കേൾക്കുന്നവർക്ക് കൃപ നൽകുന്നതിന് നാം കൃപയുടെ വാക്കുകൾ സംസാരിക്കണം—4:29-30.

എഫെ. 4:29 നിങ്ങളുടെ വായിൽനിന്ന് ദുഷിച്ച വാക്കൊന്നും പുറപ്പെടാതെ, കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന്, ആവശ്യാനുസരണം, കെട്ടുപണിക്ക് കൊള്ളാവുന്നതു മാത്രം പുറപ്പെടട്ടെ.

എഫെ. 4:30 ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്, അവനിൽ നിങ്ങളെ, വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നുവല്ലോ.

10. നാം ആത്മാവിനെ കെടുത്തരുത്; പകരം, നാം എപ്പോഴും സന്തോഷിക്കുകയും ഇടവിടാതെ പ്രാർഥിക്കുകയും എല്ലാത്തിലും സ്തോത്രം ചെയ്യുകയും വേണം; എന്തെന്നാൽ, ഇതാകുന്നു നമുക്കുവേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവത്തിന്റെ ഹിതം—1 തെസ്സ. 5:16-19.

1 തെസ്സ. 5:16 എപ്പോഴും സന്തോഷിക്കുവിൻ,

1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 തെസ്സ. 5:18 എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം.

1 തെസ്സ. 5:19 ആത്മാവിനെ കെടുത്തരുത്;

11. നാം ഇഴുകിച്ചേർന്ന ആത്മാവിനൊത്തവണ്ണം ജീവിക്കുകയും, പ്രവർത്തിക്കുകയും, പെരുമാറുകയും, കാര്യങ്ങൾ ചെയ്യുകയും, നമ്മുടെ ആളത്തം അതിനൊത്തവണ്ണം ആയിരിക്കുകയും വേണം—റോമ. 8:4; 1 കൊരി. 6:17.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ

അവനുമായി ഏകാത്മാവ് ആകുന്നു.

12. നാം ക്രിസ്തുവിനെ അവന്റെ മഹത്വീകരണത്തിനായി ജീവിക്കുവാൻ തക്കവണ്ണം, ക്രിസ്തുവിന്റെ ശരീരത്തിന്റെ സഹായമെന്ന നിലയിൽ, യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താൽ നിറയണം—ഫിലി. 1:19-21; സങ്കീ. 133; 1 തെസ്സ. 5:25.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

സങ്കീ. 133:1 ദാവീദിന്റെ ഒരു ആരോഹണ ഗീതം. ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!

സങ്കീ. 133:2 അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലംപോലെയും

സങ്കീ. 133:3 സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.

1 തെസ്സ. 5:25 സഹോദരന്മാരേ, ഞങ്ങൾക്കു വേണ്ടിയും പ്രാർഥിക്കുവിൻ.

II. **കർത്താവ് ചെയ്യാൻ ഉദ്ദേശിക്കുന്നത് നിറവേറ്റാൻ ഒരു നല്ല അടിമയായി സജ്ജരാക്കപ്പെടേണ്ടതിന് സേവനത്തിന് അഥവാ വേലയ്ക്ക്, നമുക്ക് താലന്ത് അഥവാ ആത്മിക വരം ആവശ്യമാണ്—മത്താ. 25:20-23; പ്ര.നി. 24:45-51:**

മത്താ. 25:20 അപ്പോൾ അഞ്ചു താലന്തുകൾ ലഭിച്ചവൻ വേറെ അഞ്ചു താലന്തുകൾ കൊണ്ടുവന്നു പറഞ്ഞത്, യജമാനനേ, നീ അഞ്ചു താലന്തുകൾ എന്നെ ഏൽപ്പിച്ചു; ഇതാ, വേറെ അഞ്ചു താലന്തുകൾ ഞാൻ നേടിയിരിക്കുന്നു.

മത്താ. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 25:22 രണ്ടു താലന്തുകൾ ലഭിച്ചവനും വന്നു, യജമാനനേ, നീ രണ്ടു താലന്തുകൾ എന്നെ ഏൽപ്പിച്ചു; ഇതാ, വേറെ രണ്ടു താലന്തുകൾ ഞാൻ നേടിയിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ

ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 24:45 അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു?

മത്താ. 24:46 തന്റെ യജമാനൻ വരുമ്പോൾ, അങ്ങനെതന്നെചെയ്യുന്നതായി കാണുന്ന ആ അടിമ അനുഗൃഹീതനാകുന്നു.

മത്താ. 24:47 അവൻ തന്റെ സകല വസ്തുവകകൾക്കും മേൽ അവനെ ആക്കിവയ്ക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 24:48 എന്നാൽ ആ ദുഷ്ട അടിമ തന്റെ ഹൃദയത്തിൽ, എന്റെ യജമാനൻ വൈകുന്നു എന്നു പറയുകയും,

മത്താ. 24:49 തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ,

മത്താ. 24:50 ആ അടിമയുടെ യജമാനൻ, അവൻ പ്രതീക്ഷിക്കാത്ത നാളിലും, അവൻ അറിയാത്ത നാഴികയിലും വരുകയും,

മത്താ. 24:51 അവനെ വെട്ടിമാറ്റുകയും അവന്റെ പങ്കു കപടഭക്തിക്കാരോടുകൂടെ നിയോഗിക്കുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

A. “സ്വർഗരാജ്യം വിദേശത്തു പോകാനിരിക്കുന്ന ഒരു മനുഷ്യനെ പോലെയാകുന്നു അവൻ തന്റെ സ്വന്തം അടിമകളെ വിളിച്ചു തന്റെ വസ്തുവകകൾ അവരെ ഏൽപ്പിച്ചു. ഒരുവന് അഞ്ചും മറ്റൊരുവന് രണ്ടും വേറൊരുവന് ഒന്നും, ഓരോരുത്തനും അവന്റെ സ്വന്തം കഴിവ് അനുസരിച്ച് താലന്തുകൾ കൊടുത്തു. പിന്നെ അവൻ വിദേശത്തു പോയി”—25:14-15:

1. അടിമകൾ വിശ്വാസികളെ സേവനത്തിന്റെ വശത്തുനിന്ന് വീക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു—1 കൊരി. 7:22-23; 2 പത്രൊ. 1:1; റോമ. 1:1.

    1 കൊരി. 7:22 കർത്താവിൽ വിളിക്കപ്പെട്ട അടിമ, കർത്താവിന്റെ സ്വതന്ത്രൻ ആകുന്നു; അപ്രകാരം തന്നെ വിളിക്കപ്പെട്ട സ്വതന്ത്രൻ ക്രിസ്തുവിന്റെ അടിമ ആകുന്നു.

    1 കൊരി. 7:23 നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു; മനുഷ്യരുടെ അടിമകൾ ആകരുത്.

    2 പത്രൊ. 1:1 യേശു ക്രിസ്തുവിന്റെ അടിമയും അപ്പൊസ്തലനുമായ ശിമോൻ പത്രൊസ്, നമ്മുടെ ദൈവവും രക്ഷിതാവുമായ യേശു ക്രിസ്തുവിന്റെ, നീതിയിൽ, നമുക്കുള്ളതുപോലെ തുല്യമായ വിലയേറിയ വിശ്വാസം, പകുത്തുനൽകിയിരിക്കുന്നവർക്ക്:

    റോമ. 1:1 ദൈവത്തിന്റെ, സുവിശേഷത്തിനായി വേർതിരിക്കപ്പെട്ട, ക്രിസ്തു യേശുവിന്റെ അടിമയും, വിളിക്കപ്പെട്ട അപ്പൊസ്തലനുമായ പൗലൊസ്,

2. *അവന്റെ വസ്തുവകകൾ* ദൈവത്തിന്റെ ഭവനക്കാരെ (മത്താ. 24:45) സംചരിക്കുന്നവരായ എല്ലാ വിശ്വാസികളോടുംകൂടിയ സഭയെ (എഫെ. 1:18) സൂചിപ്പിക്കുന്നു.

    എഫെ. 1:18 നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിക്കപ്പെട്ടിട്ട്, അവന്റെ വിളിയാലുള്ള പ്രത്യാശ എന്തെന്നും, വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം എന്തെന്നും

    മത്താ. 24:45 അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ,

അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു?

3. താലന്തുകൾ ആത്മിക വരങ്ങളെ സൂചിപ്പിക്കുന്നു (25:15-23; റോമ. 12:6; 1 കൊരി. 12:4; 1 പത്രൊ. 4:10; 2 തിമൊ. 1:6-7); ജീവനലുള്ള ആത്മാവിന്റെ നിറവ്, സേവനത്തിൽ (വേലയിൽ) ആത്മിക വരം ഉപയോഗിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു; നാം ക്രിസ്തുവിന്റെ തികഞ്ഞ അവയവം ആയിത്തീരേണ്ടതിന് സേവനത്തിലുള്ള ആത്മിക വരം ജീവനലുള്ള ആത്മാവിന്റെ നിറവുമായി യോജിക്കുന്നു.

മത്താ. 25:15 ഒരുവന് അഞ്ചും മറ്റൊരുവനു രണ്ടും, വേറൊരുവനു ഒന്നും, ഓരോരുത്തനും അവന്റെ സ്വന്തം കഴിവ് അനുസരിച്ചു താലന്തുകൾ കൊടുത്തു. പിന്നെ അവൻ വിദേശത്തു പോയി.

മത്താ. 25:16 അഞ്ചു താലന്തുകൾ ലഭിച്ചവൻ ഉടനെ പുറപ്പെട്ടു അവയുമായി വ്യാപാരം ചെയ്തു വേറെ അഞ്ചു നേടി.

മത്താ. 25:17 അതുപോലെതന്നെ, രണ്ടു ലഭിച്ചവൻ വേറെ രണ്ടു നേടി.

മത്താ. 25:18 എന്നാൽ ഒന്നു ലഭിച്ചവൻ പോയി ഭൂമിയിൽ കുഴിച്ചിട്ടു, തന്റെ യജമാനന്റെ ദ്രവ്യം മറച്ചു വച്ചു.

മത്താ. 25:19 വളരെക്കാലത്തിനു ശേഷം ആ അടിമകളുടെ യജമാനൻ വന്ന് അവരുമായി കണക്കു തീർത്തു.

മത്താ. 25:20 അപ്പോൾ അഞ്ചു താലന്തുകൾ ലഭിച്ചവൻ വേറെ അഞ്ചു താലന്തുകൾ കൊണ്ടുവന്നു പറഞ്ഞത്, യജമാനനേ, നീ അഞ്ചു താലന്തുകൾ എന്നെ ഏൽപ്പിച്ചു; ഇതാ, വേറെ അഞ്ചു താലന്തുകൾ ഞാൻ നേടിയിരിക്കുന്നു.

മത്താ. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 25:22 രണ്ടു താലന്തുകൾ ലഭിച്ചവനും വന്നു, യജമാനനേ, നീ രണ്ടു താലന്തുകൾ എന്നെ ഏൽപ്പിച്ചു; ഇതാ, വേറെ രണ്ടു താലന്തുകൾ ഞാൻ നേടിയിരിക്കുന്നു എന്നു പറഞ്ഞു.

മത്താ. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

റോമ. 12:6 നമുക്ക് നൽകിയിരിക്കുന്ന കൃപയ്ക്കൊത്തവണ്ണം വ്യത്യസ്ത വരങ്ങൾ ഉള്ളതിനാൽ, പ്രവചനം എങ്കിൽ, വിശ്വാസത്തിന്റെ അനുപാതപ്രകാരം നമുക്ക് പ്രവചിക്കാം;

1 കൊരി. 12:4 എന്നാൽ വരങ്ങൾക്ക് വ്യത്യാസം ഉണ്ട്, എന്നാൽ ഒരേ ആത്മാവ് തന്നെ;

1 പത്രൊ. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

2 തിമൊ. 1:6 ഇതു നിമിത്തം എന്റെ കൈവയ്പിലൂടെ നിന്നിലുള്ള ദൈവത്തിന്റെ വരത്തെ വീശി ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ ഓർമിപ്പിക്കുന്നു.

2 തിമൊ. 1:7 ദൈവം നമുക്ക് ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ നൽകിയിരിക്കുന്നത്.

4. *നിന്റെ യജമാനന്റെ സന്തോഷം,* അവനോടുള്ള നമ്മുടെ വിശ്വാസയോഗ്യമായ സേവനത്തിനുള്ള പ്രതിഫലമായി വരുവാനുള്ള രാജ്യത്തിൽ കർത്താവിനെ ആസ്വദിക്കുന്നതിനെ സൂചിപ്പിക്കുന്നു (മത്താ. 25:21, 23); ഇത് ബാഹ്യമായ പദവിയെയല്ല ആന്തരിക സംതൃപ്തിയെ സൂചിപ്പിക്കുന്നു; കർത്താവിന്റെ സന്തോഷത്തിൽ പങ്കുകൊള്ളുന്നതാണ് ഏറ്റവും വലിയ പ്രതിഫലം, അത് വരുവാനുള്ള രാജ്യത്തിലെ മഹത്വത്തേക്കാളും പദവിയെക്കാളും മേന്മയേറിയതാണ്.

മത്താ. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

5. ഈ യുഗത്തിൽ, ജനത്തെ രക്ഷിക്കുവാനും അവന്റെ സമ്പത്തിനെ അവർക്ക് ശുശ്രൂഷിക്കുവാനും നാം കർത്താവിന്റെ വരത്തെ ഉപയോഗിക്കണം—വാ. 27.

മത്താ. 25:27 അതുകൊണ്ട് നീ എന്റെ ദ്രവ്യം പണവിനിമയം നടത്തുന്നവരുടെ പക്കൽ നിക്ഷേപിക്കണമായിരുന്നു; എങ്കിൽ ഞാൻ വന്നപ്പോൾ, എന്റേതു പലിശയോടുകൂടെ തിരികെ വാങ്ങുമായിരുന്നു.

B. കർത്താവിനെ സേവിക്കുവാനുള്ള നമ്മുടെ ആന്തരിക പ്രചോദനം അവനോടുള്ള നമ്മുടെ സ്നേഹമാണ്—പുറ. 21:5; വെളി. 2:4-5.

പുറ. 21:5 എന്നാൽ ദാസൻ: ഞാൻ എന്റെ യജമാനനെയും എന്റെ ഭാര്യയെയും മക്കളെയും സ്നേഹിക്കുന്നു; ഞാൻ സ്വതന്ത്രനായി പോകയില്ല എന്നു തീർത്തു പറഞ്ഞാൽ

വെളി. 2:4 എന്നാൽ നിന്റെ, ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കാര്യം നിനക്ക് എതിരായി എനിക്കുണ്ട്.

വെളി. 2:5 അതുകൊണ്ട് നീ എവിടെനിന്ന് വീണിരിക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക; അല്ലെങ്കിൽ, ഞാൻ നിന്റെ അടുക്കൽ വരുന്നു, നീ മാനസാന്തരപ്പെടാഞ്ഞാൽ, നിന്റെ നിലവിളക്ക് അതിന്റെ സ്ഥാനത്ത് നിന്നു ഞാൻ നീക്കിക്കളയും.

C. നമ്മുടെ കർത്ത്യസേവ എപ്പോഴും അനുഗ്രഹത്തിന്റെ ഉറവിടമെന്ന നിലയിൽ അവനിൽനിന്ന് പുറപ്പെടുകയും, ഉപാധിയും ശക്തിയുമെന്ന നിലയിൽ അവനിലൂടെ ആയിരിക്കുകയും, അവന്റെ മഹത്വത്തിനായി അവങ്കലേക്ക് ആയിരിക്കുകയും വേണം—റോമ. 11:36; പ്ര.നി. സംഖ്യ 18:1.

റോമ. 11:36 സകലവും അവനിൽനിന്നും അവനിലൂടെയും അവനിലേക്കും ആകുന്നുവല്ലോ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

സംഖ്യ. 18:1 പിന്നെ യഹോവ അഹരോനോടു അരുളിച്ചെയ്തതെന്തെന്നാൽ: നീയും നിന്റെ പുത്രന്മാരും നിന്റെ പിതൃഭവനവും വിശുദ്ധമന്ദിരം സംബന്ധിച്ചുണ്ടാകുന്ന അകൃത്യം വഹിക്കേണം; നീയും നിന്റെ പുത്രന്മാരും നിങ്ങളുടെ പൗരോഹിത്യം സംബന്ധിച്ചുണ്ടാകുന്ന അകൃത്യവും വഹിക്കേണം.

D. ശരീരത്തിലെ അവയവങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് ദൈവത്തിന്റെ ആലോചന അനുസരിച്ച് നമ്മുടെ മുഴു ആളത്തംകൊണ്ടും കർത്താവിനെ നാം സേവിക്കണം—റോമ. 12:1-2, 11; പ്രവൃ. 13:36; 1 കൊരി. 12:14-22.

റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 12:11 തീക്ഷ്ണതയിൽ അലസരാകരുത്, കർത്താവിനെ സേവിച്ചുകൊണ്ട് ആത്മാവിൽ എരിവുള്ളവരാകുവിൻ.

പ്രവൃ. 13:36 ദാവീദ്, തന്റെ തലമുറയെ ദൈവത്തിന്റെ ആലോചനയാൽ സേവിച്ചിട്ട്, തീർച്ചയായും നിദ്ര പ്രാപിച്ച് തന്റെ പിതാക്കന്മാരോടുകൂടെ അടക്കപ്പെട്ട് ദ്രവത്വം കണ്ടു.

1 കൊരി. 12:14 ശരീരം ഒരു അവയവം അല്ല, പലതത്രേ.

1 കൊരി. 12:15 ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല.

1 കൊരി. 12:16 ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല.

1 കൊരി. 12:17 ശരീരം മുഴുവൻ കണ്ണ് എങ്കിൽ കേൾവി എവിടെ? ശരീരം മുഴുവൻ കേൾവി എങ്കിൽ, ഘ്രാണം എവിടെ?

1 കൊരി. 12:18 എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു.

1 കൊരി. 12:19 എല്ലാം ഒരു അവയവം ആയിരുന്നു എങ്കിൽ, ശരീരം എവിടെ?

1 കൊരി. 12:20 എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ.

1 കൊരി. 12:21 കണ്ണിന് കൈയ്യോട്, എനിക്ക് നിന്റെ ആവശ്യമില്ല എന്നും; അതുപോലെ തലയ്ക്ക് കാലുകളോട്, എനിക്ക് നിങ്ങളുടെ ആവശ്യമില്ല എന്നും പറയുവാൻ കഴിയില്ല.

1 കൊരി. 12:22 എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന

അവയവങ്ങളും ആവശ്യമുള്ളവ ആകുന്നു.

E. ക്രിസ്തുവിനെ മറ്റുള്ളവർക്ക് സേവിച്ചുകൊണ്ടും ക്രിസ്തുവിനെ കൃപയായി അവർക്ക് ശുശ്രൂഷിച്ചുകൊണ്ടും സഭയെ കെട്ടുപണി ചെയ്യുവാൻ കർത്താവിന്റെ വരത്തെ നാം ഉപയോഗിക്കണം—മത്താ. 25:27; 1 പത്രൊ. 4:10; കൊലൊ. 1:7; 4:12:

മത്താ. 25:27 അതുകൊണ്ട് നീ എന്റെ ദ്രവ്യം പണവിനിമയം നടത്തുന്നവരുടെ പക്കൽ നിക്ഷേപിക്കണമായിരുന്നു; എങ്കിൽ ഞാൻ വന്നപ്പോൾ, എന്റേതു പലിശയോടുകൂടെ തിരികെ വാങ്ങുമായിരുന്നു.

1 പത്രൊ. 4:10 ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ.

കൊലൊ. 1:7 ഞങ്ങളുടെ പ്രിയ കൂട്ടടിമയായ, എപ്പഫ്രാസിൽനിന്ന് നിങ്ങൾ പഠിച്ചതുപോലെ, അവൻ നിങ്ങൾക്കു വേണ്ടി ക്രിസ്തുവിന്റെ വിശ്വസ്ത ശുശ്രൂഷകനാകുന്നു,

കൊലൊ. 4:12 നിങ്ങൾ പക്വതയുള്ളവരും ദൈവത്തിന്റെ സകല ഹിതത്തിലും പൂർണ ഉറപ്പുള്ളവരുമായി നിൽക്കേണ്ടതിന് തന്റെ പ്രാർഥനകളിൽ നിങ്ങൾക്കു വേണ്ടി എപ്പോഴും പോരാടുന്ന, ക്രിസ്തു യേശുവിന്റെ അടിമയും, നിങ്ങളിൽ ഒരുവനുമായ, എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു.

1. ദൈവത്തിന് സ്വീകാര്യമായ യാഗങ്ങളായി അർപ്പിക്കുവാൻ പാപികളെ രക്ഷിച്ചും ഒടുവിൽ അവരെ ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവരായി നിർത്തിയുംകൊണ്ട് നാം ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതന്മാരായി സേവിക്കണം—റോമ. 15:16; 12:1; കൊലൊ. 1:28.

    റോമ. 15:16 അത്, ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടിട്ട് സ്വീകാര്യമാകേണ്ടതിന്, ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി, ഞാൻ ജാതികൾക്ക് ക്രിസ്തു യേശുവിന്റെ ശുശ്രൂഷകൻ ആകേണ്ടതിന് തന്നെ.

    റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

    കൊലൊ. 1:28 ഏതു മനുഷ്യനെയും ക്രിസ്തുവിൽ പൂർണവളർച്ച എത്തിയവനായി നിർത്തേണ്ടതിന്, സകല ജ്ഞാനത്തോടുംകൂടെ ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനെയും ഉപദേശിക്കുകയും ചെയ്തുകൊണ്ട്, അവനെ ഞങ്ങൾ അറിയിക്കുന്നു;

2. ശരിയായത സമയത്ത് നാം മറ്റുള്ളവർക്ക് ക്രിസ്തുവിനെ അവരുടെ ആത്മിക ഭക്ഷണമായി നൽകേണ്ടതുണ്ട്—മത്താ. 24:45:

    മത്താ. 24:45 അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു?

a. സമയത്തും അസമയത്തും എല്ലാത്തരത്തിലുമുള്ള ആളുകളോടും നാം ദിവസവും ക്രിസ്തുവിനെ സംസാരിക്കണം—പ്രവൃ. 5:42; 8:4; 2 തിമൊ. 4:2.

പ്രവൃ. 5:42 എല്ലാ ദിവസവും, ദൈവാലയത്തിലും ഭവനംതോറും, ഉപദേശിക്കുകയും യേശുവിനെ ക്രിസ്തുവായി സുവിശേഷം അറിയിക്കുകയും ചെയ്യുന്നത് അവർ നിർത്തിയില്ല.

പ്രവൃ. 8:4 അതുകൊണ്ട് ചിതറിപ്പോയവർ വചനം സുവിശേഷിച്ചുകൊണ്ട് ദേശമെമ്പാടും കടന്നുപോയി.

2 തിമൊ. 4:2 വചനം ഘോഷിക്കുക; സമയത്തും അസമയത്തും ഒരുങ്ങിയിരിക്കുക; സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ കുറ്റം ബോധ്യപ്പെടുത്തുകയും, ശാസിക്കുകയും, പ്രബോധിപ്പിക്കുകയും ചെയ്യുക.

b. ഏത് യോഗത്തിലും സംസാരിക്കാനുള്ള ഒരു ശീലം വളർത്തിയെടുക്കാൻ നാം തീവ്രമായി ശ്രമിക്കേണ്ടതുണ്ട്—1 കൊരി. 14:26, 4-5, 12, 31.

1 കൊരി. 14:26 ആകയാൽ എന്ത്, സഹോദരന്മാരേ? നിങ്ങൾ കൂടിവരുമ്പോഴെല്ലാം, ഓരോരുത്തന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്. സകലവും കെട്ടുപണിക്കായി ചെയ്യട്ടെ.

1 കൊരി. 14:4 അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കുതാൻ കെട്ടുപണി ചെയ്യുന്നു, എന്നാൽ പ്രവചിക്കുന്നവൻ സഭയെ കെട്ടുപണി ചെയ്യുന്നു.

1 കൊരി. 14:5 നിങ്ങൾ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണമെന്നും, വിശേഷാൽ നിങ്ങൾ പ്രവചിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു; അന്യഭാഷകളിൽ സംസാരിക്കുന്നവൻ സഭയ്ക്ക് കെട്ടുപണി ലഭിക്കേണ്ടതിന് വ്യാഖ്യാനിക്കുന്നില്ലെങ്കിൽ, പ്രവചിക്കുന്നവൻ അവനെക്കാൾ വലിയവൻ ആകുന്നു.

1 കൊരി. 14:12 അങ്ങനെതന്നെ നിങ്ങളും, ആത്മാക്കളെക്കുറിച്ച് എരിവുള്ളവർ ആകയാൽ, സഭയുടെ കെട്ടുപണിക്കുവേണ്ടി മുന്തിനിൽക്കേണ്ടതിന് അന്വേഷിക്കുവിൻ.

1 കൊരി. 14:31 എല്ലാവരും പഠിക്കേണ്ടതിനും എല്ലാവരും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതിനും നിങ്ങൾക്ക് എല്ലാവർക്കും ഓരോരുത്തരായി പ്രവചിക്കാം.

3. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹിക്കുന്നതും ക്ഷമിക്കുന്നതുമായ ഹൃദയംകൊണ്ടും നമ്മുടെ രക്ഷകനായ ക്രിസ്തുവിന്റെ മേയിക്കുന്നതും അന്വേഷിക്കുന്നതുമായ ആത്മാവുകൊണ്ടും ജനത്തിനുവേണ്ടി നാം കരുതണം; ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കായി നമുക്ക് എന്തെങ്കിലും ആയിരിക്കുവാനും എന്തെങ്കിലും ചെയ്യുവാനുമുള്ള ഏറ്റവും ഉത്കൃഷ്ടമായ മാർഗം സ്നേഹമാണ്—യോഹ. 21:15-17; 1 കൊരി. 12:31; 13:4-8, 13.

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു.

അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

1 കൊരി. 12:31 എന്നാൽ ശ്രേഷ്ഠവരങ്ങളെ ആത്മാർഥമായി വാഞ്ഛിക്കുവിൻ. അത്രയുമല്ല അതിശ്രേഷ്ഠമായ ഒരു മാർഗം ഞാൻ നിങ്ങൾക്ക് കാണിച്ചുതരുന്നു.

1 കൊരി. 13:4 സ്നേഹം ദീർഘമായി കഷ്ടമേൽക്കുന്നു. സ്നേഹം ദയ കാണിക്കുന്നു; അത് അസൂയപ്പെടുന്നില്ല. സ്നേഹം വമ്പു പറയുന്നില്ല, നിഗളിക്കുന്നില്ല;

1 കൊരി. 13:5 അത് അനുചിതമായി പെരുമാറുന്നില്ല, അതിന്റെ സ്വന്തകാര്യങ്ങൾ അന്വേഷിക്കുന്നില്ല; അത് പ്രകോപിപ്പിക്കപ്പെടുന്നില്ല, തിന്മ കണക്കിടുന്നില്ല;

1 കൊരി. 13:6 അത് അനീതി നിമിത്തം സന്തോഷിക്കുന്നില്ല, എന്നാൽ സത്യത്തോടൊപ്പം സന്തോഷിക്കുന്നു;

1 കൊരി. 13:7 അത് എല്ലാം മറയ്ക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു.

1 കൊരി. 13:8 സ്നേഹം ഒരിക്കലും വീണുപോകുന്നില്ല. എന്നാൽ പ്രവചനങ്ങളോ, അവ പ്രയോജനമില്ലാത്തവയാകും; ഭാഷകളോ, അവ നിലച്ചുപോകും; അറിവോ, അത് പ്രയോജനമില്ലാത്തതാകും.

1 കൊരി. 13:13 ഇപ്പോൾ വിശ്വാസം, പ്രത്യാശ, സ്നേഹം, ഇവ മൂന്നും നിലനിൽക്കുന്നു; ഇവയിൽ ഏറ്റവും വലിയതോ സ്നേഹം തന്നെ.

4. നാം നമ്മുടെ സഹവിശ്വാസികളെ വിമർശിക്കുകയോ വിധിക്കുകയോ തുറന്നുകാട്ടുകയോ ചെയ്തുകൊണ്ട് മോശമായി പെരുമാറരുത്; പകരം, നാം ക്രമംകെട്ടവരെ അനുശാസിക്കുകയും, മനോബലമില്ലാത്തവരെ, "ലോലഹൃദയരെ" സാന്ത്വനിപ്പിക്കുകയും, ആത്മാവിലോ ദേഹിയിലോ ദേഹത്തിലോ ബലഹീനരായവരെ അല്ലെങ്കിൽ വിശ്വാസത്തിൽ ബലഹീനരായവരെ താങ്ങുകയും, എല്ലാവരോടും ദീർഘക്ഷമയുള്ളവരായിരിക്കുകയും വേണം—മത്താ. 24:49; 1 തെസ്സ. 5:14.

മത്താ. 24:49 തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ,

1 തെസ്സ. 5:14 സഹോദരന്മാരേ, ഞങ്ങൾ നിങ്ങളെ പ്രബോധിപ്പിക്കുന്നത്, ക്രമം കെട്ടവരെ അനുശാസിക്കുവിൻ, മനോബലമില്ലാത്തവരെ സാന്ത്വനിപ്പിക്കുവിൻ, ബലഹീനരെ താങ്ങുവിൻ, എല്ലാവരോടും ദീർഘക്ഷമയുള്ളവരാകുവിൻ.

5. ലോകവുമായി ഏതെങ്കിലും തരത്തിലുള്ള ഇടപെടലിലൂടെ, നാം കർത്താവിന്റെ വരത്തെ ഉപയോഗശൂന്യമാക്കുന്നു, ചില ഭൗമിക ഒഴികഴിവുകൾ എന്ന മറയുടെ കീഴിൽ അതിനെ പാഴായി കിടക്കുവാൻ ഇടവരുത്തുന്നു—മത്താ. 25:18-19.

മത്താ. 25:18 എന്നാൽ ഒന്നു ലഭിച്ചവൻ പോയി ഭൂമിയിൽ കുഴിച്ചിട്ടു, തന്റെ യജമാനന്റെ ദ്രവ്യം മറച്ചു വച്ചു.

മത്താ. 25:19 വളരെക്കാലത്തിനു ശേഷം ആ അടിമകളുടെ യജമാനൻ വന്ന് അവരുമായി കണക്കു തീർത്തു.

F. സുവിശേഷത്തിൽ കർത്താവിനുവേണ്ടിയുള്ള നമ്മുടെ വേലയും അധ്വാനവും നമ്മുടെ സ്വാഭാവിക ജീവനാലും സ്വാഭാവിക കഴിവിനാലും അല്ല, അത് കർത്താവിന്റെ പുനരുത്ഥാന ജീവനാലും ശക്തിയാലുമാണ്; ദൈവത്തോടുള്ള നമ്മുടെ സേവനത്തിൽ പുനരുത്ഥാനമാണ് നിത്യതത്ത്വം—സംഖ്യ. 17:8; 1 കൊരി. 15:10, 58; 16:10:

സംഖ്യ. 17:8 പിറ്റെന്നാൾ മോശെ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിന്നുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു; അതു തളിർത്തു പൂത്തു ബദാം ഫലം കായിച്ചിരുന്നു.

1 കൊരി. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

1 കൊരി. 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

1 കൊരി. 16:10 തിമൊഥെയൊസ് വന്നാൽ, അവൻ നിങ്ങളോടൊപ്പം നിർഭയനായിരിക്കുവാൻ നോക്കുവിൻ; ഞാൻ ചെയ്യുന്നതുപോലെ, അവനും കർത്താവിന്റെ വേല ചെയ്യുന്നു.

1. ജീവൻ-നൽകുന്ന ആത്മാവ് ത്രിയേക ദൈവത്തിന്റെ യാഥാർഥ്യവും പുനരുത്ഥാനത്തിന്റെ യാഥാർഥ്യവും ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യവുമാണ്—യോഹ. 16:13-15; 20:22; 1 കൊരി. 15:45; എഫെ. 4:4.

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

യോഹ. 16:14 എന്തെന്നാൽ അവൻ എന്റേതായതിൽനിന്ന് സ്വീകരിക്കുകയും നിങ്ങളോടു പ്രഖ്യാപിക്കുകയും ചെയ്യുന്നതുകൊണ്ട് അവൻ എന്നെ മഹത്വപ്പെടുത്തും.

യോഹ. 16:15 പിതാവിനുള്ളതെല്ലാം എന്റേതാകുന്നു; ഇക്കാരണത്താലാകുന്നു, അവൻ എന്റേതായതിൽനിന്ന് സ്വീകരിച്ച് നിങ്ങളോടു പ്രഖ്യാപിക്കും എന്നു പറഞ്ഞത്.

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

1 കൊരി. 15:45 അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

എഫെ. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

2. പുനരുത്ഥാനത്തെ അറിയുന്നവരെല്ലാം തങ്ങളിലുള്ള പ്രത്യാശ ഉപേക്ഷിച്ചിരിക്കുന്നു; അവരെക്കൊണ്ട് കഴിയില്ല എന്ന് അവർക്കറിയാം; മരണത്തിന്റേതായതെല്ലാം നമ്മുടേതാണ്, ജീവന്റേതായതെല്ലാം കർത്താവിന്റേതാണ്—സംഖ്യ. 17:8; 2 കൊരി. 1:8-9; പ്ര.നി. സദ്യ. 9:4.

സംഖ്യ. 17:8 പിറ്റെന്നാൾ മോശെ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിന്നുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു; അതു തളിർത്തു പൂത്തു ബദാം ഫലം കായിച്ചിരുന്നു.

2 കൊരി. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

സഭാപ്ര. 9:4 ജീവിച്ചിരിക്കുന്നവരുടെ കൂട്ടത്തിൽ ഉള്ളവന്നൊക്കെയും പ്രത്യാശയുണ്ടു; ചത്ത സിംഹത്തെക്കാൾ ജീവനുള്ള നായ് നല്ലതല്ലോ. -

3. നാം ഒന്നുമല്ല, നമുക്ക് ഒന്നുമില്ല, ഒന്നും ചെയ്യാനും കഴിയില്ലെന്ന് നാം അംഗീകരിക്കണം; നാം തീർത്തും ഉപയോഗശൂന്യരാണെന്ന ബോധ്യമുണ്ടാകാൻ നാം നമ്മുടെ അവസാനത്തിലേക്ക് വരണം—പുറ. 2:14-15; 3:14-15; ലൂക്കൊ. 22:32-34; 1 പത്രൊ. 5:5-6.

പുറ. 2:14 അതിന്നു അവൻ: നിന്നെ ഞങ്ങൾക്കു പ്രഭുവും ന്യായാധിപതിയും ആക്കിയവൻ ആർ? മിസ്രയീമ്യനെ കൊന്നതുപോലെ എന്നെയും കൊല്ലുവാൻ ഭാവിക്കുന്നുവോ എന്നു ചോദിച്ചു. അപ്പോൾ കാര്യം പ്രസിദ്ധമായിപ്പോയല്ലോ എന്നു മോശെ പറഞ്ഞു പേടിച്ചു.

പുറ. 2:15 ഫറവോൻ ഈ കാര്യം കേട്ടാറെ മോശെയെ കൊല്ലുവാൻ അന്വേഷിച്ചു. മോശെ ഫറവോന്റെ സന്നിധിയിൽനിന്നു ഓടിപ്പോയി, മിദ്യാൻദേശത്തു ചെന്നു പാർത്തു; അവൻ ഒരു കിണറ്റിന്നരികെ ഇരുന്നു.

പുറ. 3:14 അതിന്നു ദൈവം മോശെയോടു: ഞാൻ ആകുന്നവൻ ഞാൻ ആകുന്നു; ഞാൻ ആകുന്നു എന്നുള്ളവൻ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു എന്നിങ്ങനെ നീ യിസ്രായേൽമക്കളോടു പറയേണം എന്നു കല്പിച്ചു.

പുറ. 3:15 ദൈവം പിന്നെയും മോശെയോടു അരുളിച്ചെയ്തതെന്തെന്നാൽ: നീ യിസ്രായേൽമക്കളോടു ഇപ്രകാരം പറയേണം: അബ്രാഹാമിന്റെ ദൈവവും

യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇതു എന്നേക്കും എന്റെ നാമവും തലമുറതലമുറയായി എന്റെ ജ്ഞാപകവും ആകുന്നു.

ലൂക്കൊ. 22:32 എന്നാൽ ഞാൻ നിന്നെ സംബന്ധിച്ച്, നിന്റെ വിശ്വാസം നിലച്ചുപോകാതിരിക്കേണ്ടതിന് അപേക്ഷിച്ചിരിക്കുന്നു; നീയോ, വീണ്ടും തിരിഞ്ഞ ശേഷം, നിന്റെ സഹോദരന്മാരെ ഉറപ്പിക്കുക.

ലൂക്കൊ. 22:33 കർത്താവേ, ഞാൻ നിന്നോടൊപ്പം കാരാഗൃഹത്തിലേക്കും മരണത്തിലേക്കും പോകുവാൻ തയ്യാറാകുന്നു എന്ന് അവൻ അവനോട് പറഞ്ഞു.

ലൂക്കൊ. 22:34 എന്നാൽ അവൻ, പത്രൊസേ, ഞാൻ നിന്നോടു പറയുന്നു, നിനക്ക് എന്നെ അറിയാം എന്നത് മൂന്നു പ്രാവശ്യം നിഷേധിക്കുംവരെ പൂവൻകോഴി ഇന്നു കൂകുകയില്ല എന്നു പറഞ്ഞു.

1 പത്രൊ. 5:5 അങ്ങനെതന്നെ, ഇളയവരേ, മൂപ്പന്മാർക്കു കീഴ്പ്പെട്ടിരിക്കുവിൻ; നിങ്ങൾ എല്ലാവരും അന്യോന്യം താഴ്മകൊണ്ട് അരകെട്ടുവിൻ, എന്തുകൊണ്ടെന്നാൽ ദൈവം നിഗളികളെ എതിർക്കുന്നു, എന്നാൽ താഴ്മയുള്ളവർക്ക് കൃപ നൽകുന്നു.

1 പത്രൊ. 5:6 അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തേണ്ടതിന് ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ, താഴ്ത്തപ്പെട്ടിരിക്കുവിൻ,

4. നമ്മിൽത്തന്നെ നമുക്ക് ഒരിക്കലും ചെയ്യാൻ കഴിയാത്തത് ചെയ്യാൻ നമ്മെ പ്രാപ്തരാക്കിക്കൊണ്ട് ഉയിർപ്പിക്കപ്പെട്ട ക്രിസ്തു ജീവൻ-നൽകുന്ന ആത്മാവായി നമ്മിൽ ജീവിക്കുന്നു—1 കൊരി. 15:10; 2 കൊരി. 1:8-9, 12; 4:7-18.

1 കൊരി. 15:10 എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

2 കൊരി. 1:8 സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

2 കൊരി. 1:12 ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ

മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

2 കൊരി. 4:8 ഞങ്ങൾ എല്ലാ വശത്തും ഞെരുക്കപ്പെടുന്നു എന്നാൽ ഇടുങ്ങിയിരിക്കുന്നില്ല; പുറത്തേക്കുള്ള വഴി കണ്ടെത്തുവാൻ കഴിയുന്നില്ല, എന്നാൽ പുറത്തേക്കുള്ള വഴി അശേഷം ഇല്ലാത്തവരും അല്ല;

2 കൊരി. 4:9 ഉപദ്രവിക്കപ്പെടുന്നു എന്നാൽ ഉപേക്ഷിക്കപ്പെടുന്നില്ല; താഴേക്ക് വീഴ്ത്തപ്പെടുന്നു എന്നാൽ നശിച്ചുപോകുന്നില്ല;

2 കൊരി. 4:10 യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു.

2 കൊരി. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

2 കൊരി. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

2 കൊരി. 4:13 "ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു.

2 കൊരി. 4:14 കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവിനോടുകൂടെ ഉയിർപ്പിച്ച് നിങ്ങളോടുകൂടെ അവന്റെ മുമ്പാകെ നിർത്തും എന്ന് ഞങ്ങൾ അറിയുന്നു.

2 കൊരി. 4:15 അനേകരിലൂടെ പെരുകിയ കൃപ, ദൈവമഹത്വത്തിന് സ്തോത്രം സമൃദ്ധമാകുവാൻ ഇടയാകേണ്ടതിന് സകലവും നിങ്ങൾ നിമിത്തമാകുന്നു.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2 കൊരി. 4:17 ഞങ്ങളുടെ ക്ഷണികമായ ലഘു ക്ലേശം ഞങ്ങൾക്കുവേണ്ടി, അതിയായി കവിയുന്ന, നിത്യമായ ഘന തേജസ്സ് പുറപ്പെടുവിക്കുന്നു,

2 കൊരി. 4:18 എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു.

G. കർത്താവിന്റെ പുനരുത്ഥാന ശക്തിയോടുകൂടെ അവന്റെ പുനരുത്ഥാന ജീവനിൽ അവനായുള്ള നമ്മുടെ അധ്വാനം ഒരിക്കലും വ്യർഥമാകില്ലെന്നും, അത് ദൈവത്തിന്റെ നിത്യോദ്ദേശ്യം പൂർത്തീകരിക്കുന്നതിൽ പരിണമിക്കുമെന്നും അറിഞ്ഞുകൊണ്ട് നാം എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരണം—15:58.

1 കൊരി. 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ

വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

**ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:**

**എണ്ണ വാങ്ങാൻ ഉണർന്നിരിക്കുക**

ഇനി എങ്ങനെ ഉണർന്നിരിക്കണം എന്ന് നോക്കാം, അതായത് എണ്ണ എങ്ങനെ വാങ്ങണം എന്ന് നോക്കാം. ഉണർന്നിരിക്കുക എന്നത് എണ്ണയെ പരിപാലിക്കുക എന്നതാണ്. ഞാൻ ഒരു യുവ ക്രിസ്ത്യാനി ആയിരുന്നപ്പോൾ, ഉണർന്നിരിക്കുക എന്നത് അവന്റെ വരവിനായി സ്വർഗത്തിലേക്ക് നോക്കുകയും അവൻ എപ്പോൾ വരുമെന്ന് കണ്ടെത്തുകയുമാണെന്ന് ഞാൻ കരുതി. പിന്നീട്, ഈ ധാരണ പൂണമായും പ്രായോഗികമല്ലെന്ന് ഞാൻ മനസ്സിലാക്കാൻ തുടങ്ങി. മത്തായി 25:1-13 ആവർത്തിച്ച് വായിച്ചുകൊണ്ട്, ഉണർന്നിരിക്കുക എന്നത് എണ്ണയെ പരിപാലിക്കുന്നതാണെന്ന് ഞാൻ കണ്ടെത്തി. അശ്രദ്ധയുള്ള ഒരു ഡ്രൈവർ തന്റെ ടാങ്കിലെ ഇന്ധനത്തെക്കുറിച്ച് ശ്രദ്ധിക്കുന്നില്ല. അവൻ ഒരു നിശ്ചിത ലക്ഷ്യസ്ഥാനത്തേക്ക് ഡ്രൈവ് ചെയ്യുകയായിരിക്കാം, ഇന്ധനത്തിന്റെ അളവ് നോക്കാത്തതിനാൽ പെട്ടെന്ന് ഇന്ധനം തീർന്നേക്കാം. അവന്റെ അശ്രദ്ധ കാരണം അവൻ കഷ്ടപ്പെടുന്നു. ഇന്ന് നിങ്ങൾ നിങ്ങളുടെ "ക്രിസ്ത്യൻ വാഹനം" ഓടിക്കുന്നതിനാൽ, നിങ്ങളുടെ "പെട്രോൾ" നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടോ? നിങ്ങളുടെ കാറിലെ പെട്രോൾ, എണ്ണയായ ആത്മാവാണ്. എല്ലാ സമയത്തും നിങ്ങൾ എണ്ണ വാങ്ങണം.

ചില യുവ ക്രിസ്ത്യാനികൾ, കർത്താവ് ഉടനെ മടങ്ങിവരാത്തതിനാൽ തങ്ങൾക്ക് ലോകത്തിൽ കുറച്ച് ആസ്വാദനം വേണമെന്ന് എന്നോട് സൂചിപ്പിച്ചു. അവർ പറഞ്ഞു സന്തോഷിക്കുവാൻ കർത്താവ് നമുക്ക് സമയം നൽകിയിരിക്കുന്നു, അവരെ സംബന്ധിച്ചിടത്തോളം അതിനർഥം ലൗകിക സുഖം ആസ്വദിക്കുക എന്നാണ്. ഒരുപക്ഷേ, അവർക്ക് നാൽപ്പത്തഞ്ച് വയസ്സ് കഴിയുമ്പോൾ, അവർ അവനെ സ്നേഹിക്കാൻ തുടങ്ങും, കാരണം ഇരുപത് വർഷത്തിനുള്ളിൽ അവൻ മടങ്ങിവരുമെന്ന് അവർക്ക് അത്ര ഉറപ്പില്ല. കർത്താവ് തന്റെ മടങ്ങിവരവ് വൈകിപ്പിച്ചാലും, നാം എപ്പോൾ മരിക്കുമെന്ന് നമുക്കറിയാമോ? സ്പേസ് ഷട്ടിൽ *ചലഞ്ചർ* പൊട്ടിത്തെറിച്ചപ്പോൾ ജീവൻ നഷ്ടപ്പെട്ട പ്രിയപ്പെട്ടവരിൽ ആർക്കും അന്ന് ജീവൻ നഷ്ടപ്പെടുമെന്ന് ഒരു സൂചനയും ഉണ്ടായിരുന്നില്ല. ഒരുവൻ എപ്പോൾ മരിക്കുമെന്ന് അവന് അറിയാമോ?

അടുത്ത ഇരുപത്തിയഞ്ച് വർഷത്തിനുള്ളിൽ കർത്താവ് മടങ്ങിവരുമെന്നോ ഈ സമയത്തിനുള്ളിൽ നിങ്ങൾ മരിക്കുമെന്നോ നിങ്ങൾ വിശ്വസിച്ചേക്കില്ല. അതിനാൽ, നിങ്ങൾ ഇഷ്ടപ്പെടുന്നതെന്തും സ്നേഹിക്കുകയും നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യുകയും ചെയ്തുകൊണ്ട് ഒരു ക്രിസ്ത്യാനിയായി അശ്രദ്ധയോടെ ജീവിക്കാൻ നിങ്ങൾ ആഗ്രഹിച്ചേക്കാം. നിങ്ങളുടെ ഭാവന ശരിയാണെങ്കിൽ പോലും, ഇന്ന് അല്ലെങ്കിൽ നാളെ നിങ്ങൾ മരിക്കും, നിങ്ങളുടെ പാത്രത്തിൽ ആവശ്യത്തിന് എണ്ണ ശേഖരിക്കപ്പെടാത്ത ഒരു സാഹചര്യത്തിൽ നിങ്ങൾ മരിക്കും.

നിങ്ങളുടെ അസ്തിത്വത്തിൽ പരിശുദ്ധാത്മാവിന്റെ അധികപങ്ക് നിക്ഷേപിക്കുക എന്നത് ഒറ്റരാത്രികൊണ്ട് നടക്കുന്ന കാര്യമല്ല. ശരിയായ രീതിയിൽ വളരുന്നതിനും വികസിക്കുന്നതിനും, ഒരു മനുഷ്യൻ കുറഞ്ഞത് പതിനെട്ട് വർഷമെങ്കിലും പോഷക ആഹാരം കഴിക്കുകയും വിദ്യാഭാസം നേടുകയും പഠിക്കുകയും വേണം. അയഞ്ഞതും അനിയന്ത്രിതവുമായ രീതിയിൽ ഒരാൾ എത്രമാത്രം ജീവിക്കുന്നുവോ അത്രമാത്രം അയാൾക്ക് സ്കൂളിൽ മാത്രമല്ല, എല്ലാ വിധത്തിലും ശരിയായ വിദ്യാഭ്യാസം നേടാനുള്ള അവസരവും സമയവും നഷ്ടമാകും. ഒരു ശരിയായ വ്യക്തിയാകാൻ, നിങ്ങൾ എല്ലാ ദിവസവും കാര്യങ്ങൾ പഠിക്കേണ്ടതുണ്ട്. എൺപതു കഴിഞ്ഞ ഒരു മനുഷ്യനെന്ന നിലയിൽ, ഞാൻ ഇപ്പോഴും പഠിക്കുകയും പുതിയ അറിവു നേടുകയും ചെയ്യുന്നു. പുതിയ വാക്കുകൾ എടുക്കാൻ ഞാൻ എന്റെ നിഘണ്ടു പതിവായി ഉപയോഗിക്കുന്നു. ചില യുവ വിശുദ്ധന്മാരോട് പത്തു വർഷത്തിനു ശേഷവും അവർ അങ്ങനെ തന്നെയിരിക്കുന്നത് കാണാൻ ഞാൻ വെറുക്കുന്നുവെന്ന് ഞാൻ പറഞ്ഞു.

നിങ്ങളുടെ ശരിയായ അസ്തിത്വത്തിന്റെ സംരചനയായി മാറുന്ന കാര്യങ്ങൾ എടുക്കുന്നത് ഒരു ദിവസത്തിന്റെയോ ഒരു വർഷത്തിന്റെയോ വിഷയമല്ല. ഇത് ജീവിതകാലം മുഴുവനുമുള്ള ദൈനംദിന വിഷയമാണ്.
കർത്താവ് മടങ്ങി വരുമ്പോൾ അല്ലെങ്കിൽ ഞാൻ മരിക്കുമ്പോൾ, അപ്പോഴേക്കും എന്റെ പാത്രത്തിൽ ആവശ്യത്തിന് എണ്ണ നിക്ഷേപിച്ചിട്ടുണ്ടാകുമോ എന്ന് ഞാൻ ഇപ്പോഴും വിചാരമുള്ളവനാണ്. അവന്റെ മടങ്ങിവരവിന് മുമ്പ് ഞാൻ മരിച്ചാൽ, അബ്രാഹാമിനെയും ദാവീദിനെയും പൗലൊസിനെയും കാണാനും ഈ സഹോദരന്മാരോടൊപ്പം സന്തോഷവാനായിരിക്കാനും ഞാൻ അധോലോകത്തിലെ പറുദീസയിലേക്ക് പോകും, എങ്കിലും ഒരു ദിവസം ഞാൻ എഴുന്നേറ്റ് കർത്താവിന്റെ സന്നിധിയിൽ നിൽക്കാൻ മധ്യാകാശത്തേക്ക് പോകും. ഞാൻ നേരത്തെ എടുക്കപ്പെടുമോ ഇല്ലയോ എന്നത് ഇനിയും കണ്ടറിയണം. നാം വൈകി എടുക്കപ്പെട്ടാൽ, നമുക്ക് വിവാഹ വിരുന്ന് നഷ്ടമാകും (25:10). പല കാര്യങ്ങളിലും എനിക്ക് ഉറപ്പുണ്ട്, എന്നാൽ വിവാഹ വിരുന്നിൽ പങ്കെടുക്കുന്ന കാര്യത്തിൽ എനിക്ക് ഉറപ്പില്ല.
ഉണർന്നിരിക്കുക എന്നതിനർഥം അവന്റെ വരവിനായി കാത്തിരിക്കുക എന്നു മാത്രല്ല. ഉണർന്നിരിക്കുക എന്നത് എല്ലാ ദിവസവും എണ്ണ വാങ്ങി തങ്ങളെത്തന്നെ ഒരുക്കുന്നതാണ്. നാം ദിവസവും കുറച്ച് എണ്ണ വാങ്ങണം. നമ്മുടെ ആത്മിക രൂപാന്തരം ദൈനംദിനവും ആജീവനാന്തവുമായ കാര്യമാണ്. എല്ലാ ദിവസവും നമ്മുടെ ആളത്തത്തിലേക്ക് അല്പം കൂട്ടിച്ചേർക്കൽ, അല്പം ശേഖരണം ഉണ്ടായിരിക്കണം. എണ്ണ വാങ്ങാൻ ഓരോ മിനിറ്റും വ്യായാമം ചെയ്യുംവിധത്തിൽ നാം എല്ലാ ദിവസവും അത്രമാത്രം വ്യായാമം ചെയ്യുന്നില്ല. ഒരു കുഞ്ഞ് അവന്റെ ദൈനംദിന ഭക്ഷിക്കലിലൂടെ വലിയ കുട്ടിയായി മാറുന്നു. ഈ കുട്ടി താൻ ഭക്ഷിച്ചതും സ്വാംശീകരിച്ചതുമായ ഭക്ഷണത്തിന്റെ ഒരു ശേഖരണം, ഒരു സംരചനയാണ്. മണവാളന്റെ വിവാഹ വിരുന്നിൽ പ്രവേശിക്കുന്നതിന് നാം എടുക്കപ്പെടാൻ യോഗ്യരാകുന്നതിന്, ആത്മികതൈലം ശേഖരിക്കുന്ന ഒരു നീണ്ട കാലഘട്ടത്തിലൂടെ കടന്നുപോകേണ്ടതുണ്ട്. നിങ്ങൾ ഒരു ക്രിസ്ത്യാനി ആയ നാൾ മുതൽ, എല്ലാ ദിവസവും നിങ്ങളുടെ പാത്രത്തിൽ നിക്ഷേപിക്കാൻ എണ്ണ വാങ്ങണം.
പെന്തക്കോസ്ത് ക്രിസ്ത്യാനികളുടെ ഒരു പ്രത്യേക കൂട്ടത്തിന്റെ യോഗത്തിന് ഞാൻ പോയി. അവരുടെ യോഗത്തിനിടയിൽ ധാരാളം അന്യഭാഷയിലുള്ള സംസാരവും പ്രാർഥനയും ഉണ്ടായിരുന്നു, എന്നാൽ അവരുടെ യോഗത്തിനുശേഷം ആരും ഉണർന്നിരിക്കുന്നവരായിരുന്നില്ല. എല്ലാ വിധത്തിലും അവരുടെ അയഞ്ഞ നടപ്പ് നിങ്ങൾക്ക് കാണാം. അവരോടൊപ്പമായിരിക്കുന്നതിൽ എന്റെ ആത്മാവിനെ ഞാൻ വ്യായാമം ചെയ്തു, നമ്മുടെ ആത്മാവ് എപ്പോഴും നമ്മൾ പറയുന്നതിലും ചെയ്യുന്നതിലും നമ്മെ നിയന്ത്രിക്കും. അവരുമായുള്ള ആ യോഗത്തിൽ പോലും എനിക്ക് കൂടുതൽ ആത്മാവ് ലഭിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു, കാരണം അവന്റെ കരുണയാൽ ഞാൻ ആത്മാവിനാൽ നിറയപ്പെടാൻ പ്രാർഥിച്ചുകൊണ്ട് ഉണർന്നിരിക്കുകയായിരുന്നു.
ക്രിസ്തീയ ജീവിതം ടെലിവിഷൻ കാണുക, പത്രം വായിക്കുക, കായിക മത്സരങ്ങൾക്ക് പോകുക, അല്ലെങ്കിൽ ലൗകിക സുഖങ്ങളിൽ മുഴുകുക എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങളുടെ വിഷയമല്ല. ഏതെങ്കിലുമൊരു കാര്യം തിരുവെഴുത്തിൻപ്രകാരമാണോ അല്ലയോ എന്നതിന്റെ വിഷയവുമല്ല. ക്രിസ്തീയ ജീവിതം നാം എണ്ണ വാങ്ങുന്നതിനെ സംബന്ധിച്ച വിഷയമാണ്. നിങ്ങൾ പ്രാർഥിക്കുന്നില്ല, എങ്കിലും ടെലിവിഷൻ കാണുന്നു. നിങ്ങൾ പ്രാർഥിക്കുന്നില്ല, എങ്കിലും പത്രം വായിക്കുന്നു. നിങ്ങൾ പ്രാർഥിക്കുന്നില്ല, എങ്കിലും കായിക മത്സരങ്ങൾ കളിക്കുന്നു. നിങ്ങളുടെ ദൈനംദിന ജീവിതത്തിൽ ധാരാളം "എങ്കിലുകൾ" ഉണ്ട്.

നിങ്ങൾ പ്രാർഥിക്കുന്നില്ല. നിങ്ങൾ പാപകരമായി ഒന്നും ചെയ്യണമെന്നില്ല, എന്നാൽ കന്യകമാരുടെ ഈ ഉപമ സൂചിപ്പിക്കുന്നത്, നാം എത്ര പാപം ചെയ്തു എന്നതിനനുസരിച്ചല്ല, മറിച്ച് നമ്മുടെ പാത്രത്തിൽ എത്ര എണ്ണയുണ്ടെന്നതനുസരിച്ച് കർത്താവ് നമ്മെ വിധിക്കും എന്നാണ്. പരിശുദ്ധാത്മാവിനെ നമ്മുടെ വിളക്കായ ആത്മാവിലേക്ക് സ്വീകരിക്കുവാൻ സൗജന്യമാണ്. എന്നാൽ ആത്മാവ് നമ്മുടെ ദേഹിയെ സാന്ദ്രീകരിക്കുന്നത് സൗജന്യമല്ല. നിങ്ങളുടെ ദേഹിയെ സാന്ദ്രീകരിക്കുവാൻ പരിശുദ്ധാത്മാവിനെ ലഭിക്കണമെങ്കിൽ, നിങ്ങളുടെ ദേഹിയോട് ഇടപെടുന്നതിൽ നിങ്ങൾ വില നൽകണം.

എണ്ണ വാങ്ങാൻ എനിക്ക് എന്റെ ദേഹിയോട് പല തരത്തിൽ ഇടപെടേണ്ടി വന്നിട്ടുണ്ട്. ഒരു വ്യക്തിയോട് തമാശ പറയാൻ ഇത് നല്ല സമയമാണെന്ന് തോന്നിയപ്പോൾ ഞാൻ കുറച്ച് വാക്കുകൾ ഉപയോഗിച്ച് തമാശ പറഞ്ഞപ്പോൾ, ഞാൻ കുറ്റാരോപിതനായി. ഞാൻ ഒരു മാർബിൾ കഷ്ണമല്ല, ജീവനുള്ള വ്യക്തിയാണ്. ജീവനുള്ള ഏതൊരു വ്യക്തിക്കും അവന്റേതായ അഭിപ്രായമുണ്ട്, പക്ഷേ പലപ്പോഴും ഞാൻ എന്റെ അഭിപ്രായം പ്രകടിപ്പിക്കാൻ ശ്രമിച്ചപ്പോൾ എണ്ണ വാങ്ങുന്നപ്രക്രിയയാൽ ഞാൻ നിർത്തപ്പെട്ടു. പലപ്പോഴും ഈ വീക്ഷണം എന്റെ ദൈനംദിന ജീവിതത്തെ ബാധിച്ചിട്ടുണ്ട്. എന്റെ ഭാര്യയുമായി വാക്കുകൾ കൈമാറുന്നതിലൂടെ എനിക്ക് കൂടുതൽ ആത്മാവ് ലഭിക്കുമോ? ഒരു പ്രത്യേക സ്ഥലത്ത് പോകുന്നതിനാൽ എനിക്ക് കൂടുതൽ ആത്മാവ് ലഭിക്കുമോ? ഒരു പ്രത്യേക സ്ഥലത്തേക്ക് പോകാൻ ഞാൻ ആഗ്രഹിച്ചേക്കാം, പക്ഷേ എന്റെ ഉള്ളിൽ എനിക്ക് സമാധാനമില്ല. കാര്യം ഇതാണ്—ഓരോ ദിവസവും നമുക്ക് എല്ലാവിധത്തിലും എണ്ണ എടുക്കാനുള്ള ദിവസമായിരിക്കണം. എല്ലാ ദിവസവും രാവിലെ എഴുന്നേൽക്കുന്ന സമയം മുതൽ നാം പ്രാർഥിക്കണം, “കർത്താവേ, ഞാൻ ഉണർന്നിരിക്കാൻ ഇടയാക്കത്ത യാതൊന്നും, അതായത് ഞാൻ എണ്ണ വാങ്ങുന്നതിൻ കീഴിലല്ലാത്ത യാതൊന്നും ചെയ്യാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. ഏത് സമയത്തും ഏത് സാഹചര്യത്തിലും എണ്ണ വാങ്ങാൻ ഞാൻ ഇഷ്ടപ്പെടുന്നു. അല്ലെങ്കിൽ, അത് എന്റെ സമയം പാഴാക്കും.” ഇതായിരിക്കണം നമ്മുടെ പ്രാർഥനയും നമ്മുടെ പ്രാർഥനാപൂർവമായ മനോഭാവവും. പല രാത്രികളിലും ഞാൻ എന്റെ മുഴുവൻ സമയവും ആത്മാവിൽ ആയിരിക്കാൻ ചെലവഴിക്കാത്തതിൽ ഞാൻ ഖേദിച്ചു.

**പ്രാർഥനയ്ക്കായി ഉണർന്നിരിക്കുക**

പുതിയനിയമത്തിൽ ഉണർന്നിരിക്കുന്നത് പ്രാർഥനയാൽ പൊതിയപ്പെട്ടിരിക്കുന്നു. എഫെസ്യർ 6:18 നമ്മോട് പറയുന്നത് നാം പ്രാർഥനയ്ക്കായി ഉണർന്നിരിക്കണം എന്നാണ്. നമ്മുടെ പ്രാർഥനാ ജീവിതത്തിനായി നാം ഉണർന്നിരിക്കുന്നവരായിരിക്കണം. 18-ാം വാക്യത്തിൽ *ഇതിനായി ജാഗരിച്ചും* എന്നത് *പ്രാർഥനയെയും അപേക്ഷയെയും* സൂചിപ്പിക്കുന്നു. പ്രാർഥിക്കുകയല്ലാതെ എണ്ണ ലഭിപ്പാൻ വേറെ വഴിയില്ല. നിങ്ങൾ പ്രാർഥിച്ചില്ലെങ്കിൽ, നിങ്ങൾ എണ്ണ വാങ്ങാൻ വില നൽകില്ല എന്നാണ് അർഥം. പ്രാർഥനയിലൂടെ നമുക്ക് കൂടുതൽ ആത്മാവ് ലഭിക്കുന്നു. ഓരോ തവണയും നാം പ്രാർഥിക്കുമ്പോൾ, നമ്മുടെ പ്രാർഥനയിൽ ആത്മാവിന്റെ ഒരു അളവ് നമുക്ക് ലഭിച്ചുവെന്ന ആഴത്തിലുള്ള ബോധ്യം നമുക്കുണ്ട്. മറ്റു പല കാര്യങ്ങൾക്കുമായി നമ്മുടെ സമയം ചെലവഴിക്കാത പ്രാർഥനയ്ക്കായി ചെലവാക്കുന്നതിന്റെ അർഥം എണ്ണ ലഭിക്കുന്നതിന് വില നൽകുന്നു എന്നാണ്.

**നമുക്കായി എണ്ണ വാങ്ങുന്നു**

പത്തു കന്യകമാരും മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു, എന്നാൽ പുനരുത്ഥാനത്തിനു ശേഷമുള്ള അവരുടെ ഉൾപ്രാപണം അവരുടെ പാത്രങ്ങളിൽ എത്ര എണ്ണ ഉണ്ടായിരുന്നു എന്നതനുസരിച്ചായിരുന്നു. വീണ്ടുംജനനത്തിൽ ആത്മാവിനെ പ്രാരംഭമായി സ്വീകരിച്ചത് നമുക്ക് വിവാഹ വിരുന്നിൽ പ്രവേശിക്കാനുള്ള ടിക്കറ്റല്ല. ആവശ്യത്തിന് എണ്ണ, പര്യാപ്തമായ എണ്ണ, വിവാഹ വിരുന്നിലേക്കുള്ള നമ്മുടെ പ്രവേശനം, നമ്മുടെ ടിക്കറ്റായിത്തീരും. മൂഢരായ

കന്യകമാർ തങ്ങൾക്ക് ആവശ്യത്തിന് എണ്ണ ഇല്ലെന്ന് കണ്ടെത്തി, അതിനാൽ അവർ വിവേകികളിൽ നിന്ന് കടം വാങ്ങാൻ ആഗ്രഹിച്ചു (മത്താ. 25:8). അപ്പോൾ വിവേകമുള്ള കന്യകമാർ തങ്ങൾക്കുള്ളത് തങ്ങൾക്ക് മാത്രമേ മതിയാകയുള്ളൂ എന്ന് സൂചിപ്പിച്ചു (വാ. 9). ഇവിടെ ഒരു തത്വമുണ്ട്—മറ്റുള്ളവരുടെ ആത്മികത നമുക്ക് ഒരിക്കലും കടമെടുക്കാൻ കഴിയില്ല. ഒരാളുടെ ആത്മികത അവനെ മാത്രമേ യോഗ്യനാക്കുകയുള്ളൂ. നിങ്ങൾക്ക് മറ്റൊരാളുടെ ഭക്ഷണം കടം വാങ്ങാൻ കഴിയില്ല, മറ്റൊരാൾക്ക് നിങ്ങൾക്കായി ഭക്ഷിക്കാൻ കഴിയില്ല. അത് അസാധ്യമാണ്. നിങ്ങൾക്ക് മറ്റൊരാളുടെ പഠനം കടം വാങ്ങാൻ പോലും കഴിയില്ല. നിങ്ങൾക്കായി മറ്റൊരാൾ സ്കൂളിൽ പോകാനും അവൻ പഠിക്കുന്നതിൽനിന്ന് നിങ്ങൾക്ക് കടം വാങ്ങാനും കഴിയില്ല. വിവേകികളായ കന്യകമാർ മൂഢരോട് തങ്ങൾക്കുവേണ്ടി എണ്ണ വാങ്ങണമെന്ന് പറഞ്ഞു. അവർ വാങ്ങാൻ പോകുമ്പോൾ, ആവശ്യത്തിന് എണ്ണ ഉള്ളവർ ഉൾപ്രാപിതരായി. സംശയമില്ല, അത് മഹോപദ്രവത്തിനു മുമ്പാണ്.

മൂഢരോട് എണ്ണ വിൽക്കുന്നവരുടെ അടുത്തേക്ക് പോകാൻ ആജ്ഞാപിച്ചു. സെഖര്യാവ് 4:11-14, വെളിപ്പാട് 11:3-4 എന്നിവ പ്രകാരം, മഹോപദ്രവ കാലത്തെ രണ്ട് സാക്ഷികളായ, രണ്ട് ഒലിവ് വൃക്ഷങ്ങളും എണ്ണയുടെ പുത്രന്മാരും ആയിരിക്കും എണ്ണ വിൽക്കുന്നവർ. അതിനർഥം അവർ ആളുകൾക്ക് കൂടുതൽ ആത്മാവ് നൽകും എന്നാണ്. മൂഢരായ കന്യകമാർക്ക് എണ്ണ വാങ്ങാൻ മഹോപദ്രത്തിൽ ഈ എണ്ണ വിൽക്കുന്നവരുടെ അടുക്കൽ പോകണം. ആ സമയത്ത് മുഴുവൻ ലോകവും കഷ്ടതയുടെ സ്ഥലമായിരിക്കും. നിങ്ങൾ അവിടെ ഉള്ളിടത്തോളം കാലം നിങ്ങൾ കഷ്ടമനുഭവിക്കും; നിങ്ങൾ ഉപദ്രവത്തിലൂടെ കടന്നുപോകുന്നു. മൂഢർ ഉപദ്രവകാലത്തുള്ള ഈ എണ്ണ വിൽക്കുന്നവരുടെ അടുത്തേക്ക് പോയില്ലെങ്കിൽ, അവർക്ക് ഒരിക്കലും എണ്ണ ലഭിക്കില്ല. മൂഢരായ കന്യകമാർ തങ്ങളുടെ മുഴുവൻ ക്രിസ്തീയ ജീവിതത്തിലും ഒരിക്കലും നൽകാത്ത വിലയായ എണ്ണ ലഭിക്കാൻ കഷ്ടമനുഭവിച്ചുകൊണ്ട് വില നൽകേണ്ടിവരുമെന്ന് ഇത് നമ്മെ കാണിക്കുന്നു. ഉയിർത്തെഴുന്നേൽപ്പിനു ശേഷവും, എണ്ണയ്ക്കായി വില നൽകാൻ അവർ കഷ്ടത്തിലൂടെ കടന്നുപോകേണ്ടിവരും. ഒടുവിൽ, മൂഢർ വന്നു (മത്താ. 25:11), എന്നാൽ അവരുടെ വരവ്, അവരുടെ ഉൾപ്രാപണം, വളരെ വൈകിപ്പോയി. ഇവിടുത്തെ കാര്യം ഇതാണ്—നാം രക്ഷിക്കപ്പെട്ട സമയം മുതൽ, എല്ലാ ദിവസവും എണ്ണ വാങ്ങാൻ നാം സമയത്തെ വീണ്ടെടുക്കണം. എണ്ണ വാങ്ങാൻ നാമെല്ലാവരും ഇന്ന് മുതൽ എഴുന്നേൽക്കണം.

**ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നില്ല**

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതെന്ന് എഫെസ്യർ 4:30 പറയുന്നു. അവനെ അസന്തുഷ്ടനാക്കരുത്. നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പിനായി ഇപ്പോൾ നമ്മെ മുദ്രയിടുന്ന പരിശുദ്ധാത്മാവ് നമ്മിലുണ്ട്. നാം അവനെ സന്തോഷിപ്പിക്കണം. അവൻ യഥാർഥത്തിൽ അവനുമായി നമ്മെ ഒന്നാക്കിയതിനാൽ (1 കൊരി. 6:17), നാം അസന്തുഷ്ടരായിരിക്കുമ്പോൾ, അവൻ അസന്തുഷ്ടനാണെന്ന് ഇത് സൂചിപ്പിക്കുന്നു. നിങ്ങൾ യോഗത്തിനു വന്നില്ലെങ്കിലോ, നിങ്ങൾ പ്രവർത്തിക്കാതിരുന്നാലോ, ഇത് ആത്മാവിനെ അസന്തുഷ്ടനാക്കുന്നു. ദിവസത്തിന്റെ അവസാനം നിങ്ങൾക്ക് അത്ര സന്തോഷമില്ലായിരിക്കാം, പക്ഷേ നിങ്ങൾ യോഗത്തിനു വന്ന് അതിൽ പ്രവർത്തിക്കുമ്പോൾ നിങ്ങൾക്ക് വളരെ സന്തോഷം തോന്നും. ഇതിനർഥം പരിശുദ്ധാത്മാവ് നിങ്ങളുടെ ഉള്ളിൽ സന്തുഷ്ടനാണ് എന്നാണ്. നിങ്ങൾക്ക് സന്തോഷം തോന്നുന്നില്ലെങ്കിൽ, നിങ്ങൾ അവനെ ദുഃഖിപ്പിച്ചു എന്നതിന്റെ സൂചനയാണിത്. എന്തുകൊണ്ടാണ് നിങ്ങൾ അവനെ ദുഃഖിപ്പിച്ചത്? കാരണം നിങ്ങൾ അവനെ വാങ്ങിയില്ല. നിങ്ങൾ അവനുവേണ്ടി വില കൊടുത്തില്ല. അവൻ എണ്ണയാണ്.

**ആത്മാവിനെ കെടുത്തുന്നില്ല**

ഒന്നാം തെസ്സലൊനീക്യർ 5:19 പറയുന്നു, "ആത്മാവിനെ കെടുത്തരുത്." ചിലപ്പോൾ നാം അവനെ ദുഃഖിപ്പിക്കുക മാത്രമല്ല, അവനെ കെടുത്തുവാൻ കൂടി മുന്നോട്ട് പോകുന്നു. ചിലപ്പോൾ ഒരു നിശ്ചിത സമയത്തേക്ക് നമ്മെ സഹിക്കണമെന്നും നമ്മെ പ്രചോദിപ്പിക്കരുതെന്നും നാം കർത്താവിനോട് പറഞ്ഞേക്കാം. ആത്മാവ് നമ്മുടെ ഉള്ളിൽ നീങ്ങുന്നുവെന്ന് നമുക്കറിയാം, പക്ഷേ നമുക്ക് അത് ഇഷ്ടപ്പെടില്ല. ആത്മാവിനെ കെടുത്തുകയെന്നാൽ എണ്ണ വാങ്ങാതിരിക്കുന്നതാണ്. പല കാര്യങ്ങളിലും നാം ആത്മാവിനെ വാങ്ങുന്നില്ല, അതിനാൽ നമ്മുടെ ആളത്തത്തിൽ കൂടുതൽ കൂടുതൽ ആത്മാവിനെ ശേഖരിക്കാനുള്ള അവസരം നാം നഷ്ടപ്പെടുത്തുന്നു.

**ആത്മാവിനൊത്തവണ്ണം നടക്കുന്നു**

ആത്മാവിനൊത്തവണ്ണം, ദൈവത്തിന്റെ പരിശുദ്ധാത്മാവുമായി (പ്ര.നി. റോമ. 8:16) ഇഴുകിച്ചേർന്ന നമ്മുടെ മാനുഷ്യാത്മാവായ നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിനൊത്തവണ്ണം നടക്കുക എന്നതാണ് പുതിയ നിയമത്തിലെ ഏകദേശം അവസാനത്തെ കൽപ്പന (വാ. 4). *നടക്കുക* എന്നതിനർഥം "ജീവിക്കുക, പ്രവർത്തിക്കുക, പെരുമാറുക, കാര്യങ്ങൾ ചെയ്യുക, നമ്മുടെ അസ്തിത്വം ആയിരിക്കുക" എന്നാണ്. നമ്മുടെ അസ്തിത്വം ആത്മാവിനനുസരിച്ച് ആയിരിക്കണം, ഇത് ആത്മാവിനെ വാങ്ങുന്നതാണ്. നമ്മുടെ ചിന്തയും സംസാരവും നമ്മുടെ മനോഭാവത്തിന്റെ ആവിഷ്കാരവും ആത്മാവിനൊത്തവണ്ണമായിരിക്കണം. നിങ്ങളുടെ ആളത്തം ആത്മാവിനൊത്തവണ്ണമാണെങ്കിൽ, ഇത് ആത്മാവിനെ വാങ്ങുകയാണ്. എന്നാൽ ആത്മാവിനൊത്തവണ്ണം നടക്കാൻ, നിങ്ങളുടെ ആളത്തം ആയിരിക്കാൻ, നിങ്ങൾ വലിയ വില നൽകേണ്ടതുണ്ട്. ടെലിഫോണിലുള്ള നിങ്ങളുടെ അമിതമായ സംസാരം നിർത്തുകയും ആദ്യ പേജ് മുതൽ അടുത്ത പേജ് വരെയുള്ള പത്ര വായന നിങ്ങൾക്ക് നിർത്തേണ്ടി വന്നേക്കാം.

**നമ്മുടെ ഫലമില്ലായ്മയെ ഇല്ലാതാക്കാൻ എണ്ണ വാങ്ങുന്നു**

യഥാർഥ ഉണർവ് ഉയിർപ്പിക്കപ്പെടുന്നതാണ്. നാം പോയി എണ്ണ വാങ്ങേണ്ടതുണ്ടെന്ന് കണ്ടെത്താൻ ഭാവിയിൽ ഉയിർത്തെഴുന്നേൽക്കേണ്ടതില്ല. നാം ഇന്ന് ഉയിർപ്പിക്കപ്പെടേണ്ടതുണ്ട്, എല്ലാ ദിവസവും ആത്മാവിനെ വിലകൊടുത്ത് വാങ്ങേണ്ടതുണ്ട്. ഇത് യഥാർഥ ഉണർവാണ്, അങ്ങനെയുള്ള വ്യക്തികളാകുന്നതിലൂടെ നാം ഫലമുള്ളവരാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മിൽ പലരും ഫലമില്ലാത്തവരാണെന്ന് സമ്മതിക്കേണ്ടതുണ്ട്. ഫലമില്ലായ്മ കാണുന്നത് എനിക്ക് വെറുപ്പാണ്. നമ്മളെ അപകീർത്തിപ്പെടുത്തുകയും വിമർശിക്കുകയും ചെയ്യുന്നതു തുടങ്ങി നിരവധി ഒഴികഴിവുകൾ ഇതിന് നമുക്ക് നൽകാം. എന്നാൽ മറ്റുള്ളവരെ ബന്ധപ്പെട്ട് കർത്താവായ യേശുവിനെ സംസാരിക്കുന്നത് ഈ കഴിഞ്ഞ കുറച്ച് വർഷങ്ങളായി നാം എത്രമാത്രം ചെയ്യുന്നു?

കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളായി പല മിഷനറിമാരും ഒഴികഴിവുകൾ പറഞ്ഞിരുന്നെങ്കിൽ ഒരിക്കലും പുറത്തുപോകില്ലായിരുന്നു. ചൈനയിൽ പോയ പ്രിയ മിഷനറിമാർക്ക് ഇങ്ങനെ പറയാമായിരുന്നു, "ചൈനക്കാർ അടഞ്ഞവരാണ്, അവർ വളരെ യാഥാസ്ഥിതികരാണ്. അവർ വാതിലുകൾ തുറന്നാലും പാശ്ചാത്യ രാജ്യങ്ങളിൽ നിന്നുള്ള ആരെയും അവർ കേൾക്കില്ല. ഞാൻ പോയാൽ എന്റെ സമയം പാഴാകും." ശുശ്രൂഷ പുറത്തുപോകുന്നതിനെതിരെ എപ്പോഴും ന്യായീകരണങ്ങളുണ്ട്. എന്നാൽ കർത്താവിന് നന്ദി, ഈ മിഷനറിമാർ പോയി, അവർ എല്ലാത്തരം പ്രയാസങ്ങളിലൂടെയും പോയി. എന്റെ നിരീക്ഷണമനുസരിച്ച്, നൂറു വർഷം മുമ്പ് ചൈനയിലേക്ക് പോയ പ്രെസ്ബിറ്റീരിയൻ മിഷനറിമാരിൽ ചിലർ മികച്ചവരായിരുന്നു. അവർക്ക് നമ്മളെപ്പോലെ സത്യം അറിയുകയോ, നമുക്കുള്ളതുപോലെ വെളിച്ചം ഉണ്ടായിരിക്കുകയോ, നമ്മുക്കുള്ളയത്രെ ജീവന്റെ വളർച്ച ഉണ്ടായിരിക്കുകയോ ഇല്ലെങ്കിലും, ദരിദ്രരോട് യേശുവിനെ പ്രസംഗിക്കാൻ അവർക്ക്

ഒരു ഹൃദയമുണ്ടായിരുന്നു. അവർ വലിയ വിജയം നേടി, അവരുടെ അധ്വാനം കൊണ്ടാണ് ഞാൻ പോലും ഇന്ന് ഇവിടെ ശുശ്രൂഷ ചെയ്യുന്നത്. കർത്താവായ യേശുവിന്റെ പ്രസംഗത്തിനുള്ള വാതിൽ തുറക്കാൻ അവർ എല്ലാം ചെയ്തു. ഞങ്ങൾ വളർന്നപ്പോൾ, ഞങ്ങൾ അവരുടെ ദൗത്യത്തിന് കീഴിലായിരുന്നു, മിഷനുകൾ സ്ഥാപിച്ച സ്കൂളുകളിൽ ഞാൻ പഠിച്ചു. അവർ ബൈബിൾ ചൈനയിലേക്ക് കൊണ്ടുവന്നു, ചൈനീസ് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി, അത് ഞങ്ങൾക്ക് കൈമാറി. കൂടാതെ, അവർ കർത്താവായ യേശുവിനെ പ്രസംഗിച്ചു. അവർക്ക് കുറഞ്ഞത് "യേശു നിന്നെ സ്നേഹിക്കുന്നു" എന്ന് ചൈനീസ് ഭാഷയിൽ പറയാൻ അറിയാമായിരുന്നു. ചിലപ്പോൾ കുട്ടികൾ അവരെ കളിയാക്കുകയോ കല്ലെറിയുകയോ ചെയ്യും. "യേശു നിന്നെ സ്നേഹിക്കുന്നു" എന്ന് മാത്രം പറയാൻ കഴിയുമായിരുന്നിട്ടും ചിലർ അവരാൽ പിടിക്കപ്പെട്ടു.

വിശുദ്ധന്മാരേ, നമുക്ക് ഒഴികഴിവില്ല. ചൈനയോളം ദൂരെ നാം പോകേണ്ടതില്ല. നാം നമ്മുടെ അയൽപക്കത്തുള്ള നമ്മുടെ യെരൂശലേമിലാണ്. നാം പോകണം. കുറഞ്ഞത് ആഴ്ച്ചയിലൊരിക്കലോ രണ്ടാഴ്ചയിലൊരിക്കലോ ഒരു നിശ്ചിത അയൽവാസിയുടെ അടുത്തേക്ക് നമുക്ക് പോകാം. ഒരു വർഷത്തിനുള്ളിൽ നിങ്ങൾക്ക് ഒരേ അയൽക്കാരനെ ഇരുപത്തിയാറ് തവണ സന്ദർശിക്കാൻ പോകാം. നമ്മുടെ അയൽവാസികളെ ഇങ്ങനെ സന്ദർശിച്ചാൽ ഒന്നും സംഭവിക്കില്ലെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്തെങ്കിലും സംഭവിക്കും. ഈ വർഷം നമുക്കെല്ലാവർക്കും ഒരുവനെ കിട്ടിയാൽ എല്ലാ സഭകളും എണ്ണത്തിൽ ഇരട്ടിക്കും.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ചില സഭകളുടെ വർധനവ് വളരെ കുറവാണ്. ഇത് നാണക്കേടല്ലേ? ദിവസേന എണ്ണ വാങ്ങാത്തതാണ് ഇതിന് കാരണം. നാം ദിവസവും എണ്ണ വാങ്ങുകയാണെങ്കിൽ, ഇത് നമ്മുടെ നഷ്ഫലതയെ റദ്ദാക്കുകയോ അസാധുവാക്കുകയോ ചെയ്യും. നാം തീർച്ചയായും ഫലമുള്ളവരാകും. പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് പുറത്തുപോകാൻ സഹോദരങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഒരു താൽക്കാലിക കാര്യമാണ്.

**എണ്ണയുടെ അധികപങ്ക് വാങ്ങി ജീവിതം നയിക്കുന്നു**

എന്തെങ്കിലും ചെയ്യുന്നതിൽ നിങ്ങളുടെ സമയം പാഴാക്കാതെ എപ്പോഴും എണ്ണയുടെ ഒരു അധിക പങ്ക് വാങ്ങുന്ന ഒരു ജീവിതം നയിക്കാൻ നിങ്ങൾ എഴുന്നേൽക്കുന്നതിന് നിങ്ങളുമായി കൂട്ടായ്മ ചെയ്യുകയാണ് എന്റെ ഭാരം. നിങ്ങൾ എന്തെങ്കിലും ചെയ്യുമ്പോൾ, അത് സമയം പാഴാക്കുന്നതാണെന്ന് നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, നിങ്ങൾ അത് ചെയ്യുന്നത് നിർത്തുന്നതാണ് നല്ലത്. കർത്താവിനെ ബന്ധപ്പെടാനും പ്രാർഥിക്കാനും ആ സമയം ഉപയോഗിക്കുക. ഇത് പ്രാർഥനയ്ക്കായി ഉണർന്നിരിക്കുന്നതാണ്. ഉണർന്നിരിക്കുക എന്നത് നിങ്ങളുടെ സമയം നഷ്ടപ്പെടുത്താതെ, നിങ്ങളുടെ സമയം പാഴാക്കാതെ, ഓരോ തവണയും എണ്ണ വാങ്ങാനുള്ള അവസരമായി എടുക്കുക എന്നതാണ്. നമ്മുടെ സമയം വീണ്ടെടുക്കാനുള്ള ഏറ്റവും നല്ല മാർഗം എണ്ണ വാങ്ങുകയാണ്, കാരണം നാളുകൾ കുറവാണ്. നാമെല്ലാവരും എഴുന്നേൽക്കണം.

ഞാൻ നിങ്ങൾക്ക് ഇതിനകം വേണ്ടത്ര ആഴത്തിലുള്ള സത്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ രീതിയിൽ നിങ്ങളുമായുള്ള കൂട്ടായ്മ ചെയ്യുവാൻ ഞാൻ ഭാരപ്പെടുന്നു. ദിവസതോറും, മണിക്കൂതോറും പോലും എണ്ണ വാങ്ങുന്ന ഒരു ജീവിതം നാം നയിക്കണം. നാം വസ്ത്രധാരണം ചെയ്യുന്ന രീതിയിലും, ഷോപ്പിംഗ് ചെയ്യുന്ന രീതിയിലും, സംസാരിക്കുന്ന രീതിയിലും, ജീവിക്കുന്ന രീതിയിലും എണ്ണ വാങ്ങണം. എല്ലാ കാര്യങ്ങളിലും മത്തായി 25:1-13-ൽ കർത്താവായ യേശു നൽകിയ ഗൗരവമുള്ള ഉപമ പരിഗണിക്കുകയും നാം ഗൗരവമുള്ളവരായിരിക്കുകയും വേണം. വിവാഹ വിരുന്നിൽ പ്രവേശിക്കാൻ നാം നേരത്തെ എടുക്കപ്പെടുമോ ഇല്ലയോ എന്നത് ഈ നിമിഷം മുതൽ നമ്മുടെ ദൈനംദിനം ആത്മാവിനെ വാങ്ങുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇത് ആജീവനാന്ത കാര്യമാണ്,

ഒറ്റരാത്രികൊണ്ട് സംഭവിക്കുന്ന കാര്യമല്ല. ശരിയായതും മതിയായതുമായ വിദ്യാഭ്യാസം നേടുന്നത് ഒറ്റരാത്രികൊണ്ട് നടക്കുന്ന കാര്യമല്ല. ഒരു വ്യക്തി നേഴ്സറിയിൽ നിന്ന് തന്റെ പഠനം ആരംഭിക്കുകയും കോളേജ് പൂർത്തിയാക്കുന്നത് വരെ നിരവധി ഗ്രേഡുകളിലൂടെ കടന്നുപോകുകയും വേണം. ഈ കൂട്ടായ്മയെ ഗൗരവമുള്ളതും ഗണനീയവമായ ഒന്നായി എടുക്കുക. ഇത് ഉപദേശം മാത്രമല്ല, നിങ്ങളുടെ എല്ലാവരുമായും സ്നേഹത്തോടെയുള്ള എന്റെ ഗൗരവമായ കൂട്ടായ്മയാണ്. അങ്ങനെയുള്ളൊരു ജീവിതം നയിക്കാൻ നാമെല്ലാവരും എഴുന്നേൽക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ആളുകളെ ഇളക്കിവിടാനോ പ്രേരിപ്പിക്കുവാനോ ഞാൻ ഇഷ്ടപ്പെടുന്നില്ല, കാരണം അത് ഫലപ്രദമല്ല. കർത്താവിന് ആവശ്യമുള്ളതും നമുക്ക് ആവശ്യമുള്ളതുമായ ഏക കാര്യം, നമ്മുടെ ദൈനംദിന ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും എല്ലാ സമയത്തും എണ്ണ വാങ്ങാൻ വിലകൊടുക്കാൻ എഴുന്നേൽക്കുക എന്നതാണ്. ( (*The Collected Works of Witness Lee,* 1985*, vol.* 5*, "The Way to Practice the Lord's Present Move," pp.* 526-533)